തെരഞ്ഞെടുത്ത ഗീതങ്ങൾ
ഡോ. സുവർണ്ണ നാലപ്പാട്ട്

ഉള്ളടക്കം

സപ്തസ്വരധ്യാനങ്ങൾ

മൂകാംബികാനവാവരണകൃതികൾ

നവരാത്രികൃതികൾ

നവഗ്രഹസ്തോത്രങ്ങൾ

ശിവാനന്ദലഹരി

ഓണം കവിതകൾ

## 1. സപ്തസ്വരധ്യാനം

### ഷാഡ്ജി, ആർഷഭി , ഗാന്ധാരി , മദ്ധ്യമ, പഞ്ചമി , ധൈവതി , നിഷാദി

സപ്തസ്വരദേവതാധ്യാനം
1. ഷാഡ്ജി
ധ്യാനസമാധിയിൽ ഒരുവീണാതന്ത്രിയിൽ
സുഖരാഗമേളധ്വനിവിശേഷം
കാമരിപുവിൻ ശ്രവണകുതൂഹലം
കാമാഗ്നിയായ് സാമം സോമമായീ

പാശാങ്കുശങ്ങൾ ധരിച്ച നൃത്തം വെച്ച
ഷാഡ്ജി മനോഹരി ചിത് തളത്തിൽ
അരുണാവഭാസം മയൂരവർണ്ണസ്വര
മദനോത്സവം ശിവസോമയാഗം

ശ്രീമഹാലിംഗസോമേശ്വരമോഹിനീ
ഈ മഹാവിശ്വജനനി ഷാഡ്ജി
ഷഡ്ബിന്ദുനാദസ്വരൂപിണി മന്ദ്രതാ-
രോജ്വലഭൂഷണി മായാമയീ.

സപ്തസ്വരദേവതാധ്യാനം
2. ആർഷഭി
വാക്കും മനസ്സും കടക്കാത്ത നിസ്സീമ-
ദൂരാന്തികത്തിൻ മഹസ്സു വൃത്തി
നിത്യമതിൽ നിവർത്തീരൂപപത്മാസ-
നേശ്വരീ ആർഷഭീ ജ്ഞാനവാണീ

സർവ്വദിക് വ്യാപിനീ നന്ദിഋഷഭാങ്കിത-
രാശിചക്രപ്പാതി മേഘനാദീ
വർഷമായ് പച്ചക്കിളീഹരിതാഭയായ്
ഹർഷിണി ഭൂമിയിൽ വന്നദേവി

നിൻനാദമേഘാരവത്തിലുണരുന്നു
വംശകലാസൃഷ്ടികാമനകൾ
രോഹിണീചന്ദ്രികാമൃഗശീർഷമാർദ്രമായ്
മോഹാങ്കുരം പൂത്ത കാമനന്ദി

വൃത്തി,നിവൃത്തി,സംസാരനിർവ്വാണാർദ്ര
ശുദ്ധവിഷമസമവൃത്തവൃദ്ധേശ്വരീ
ചതുഷഷ്ഠിശ്രുതിരൂപഗാന്ധാരവർദ്ധിനീ
ചതുർവ്വേദലയലാസ്യവിനർദ്ദി കപർദ്ദി.

സപ്തസ്വരദേവതാധ്യാനം
3. ഗാന്ധാരി
അഭിരാമി സ്വർണ്ണസുവർണ്ണാഭിരാമി
അഭിനവരുചിരോജ്വലരൂപിണീ

വീണാവിനോദിനി ലീലാവിനോദിനി
പ്രാണലിംഗേശമൃദുമീലിതാക്ഷിണി
ദേവീ ദയാർദ്രസ്വരൂപിണി ഗീത-
ഗന്ധർവ്വവിനോദഗാന്ധാരി ചിത്രിണി

മാധവപീതാംബരപ്പട്ടുപോൽ ,കൊന്ന
പൂത്തപോൽ,വിളയുംവയൽപോൽ മനോഹരി
സ്വർണ്ണഗോതമ്പുമണിപോൽ സുപോഷിണി
പ്രണവാത്മകപ്രഭാഷിണി സുഭാഷിണി ,ഘോഷിണീ.

സപ്തസ്വരദേവതാധ്യാനം.
4. മദ്ധ്യമാ
മന്ദാരകുന്ദകുമുദംപോലെ മുത്തുപോൽ
സൌന്ദര്യലഹരീ മദ്ധ്യമാവതീ
ഇന്ദീവരായതലോലനേത്രിണീ
ബന്ധുരശൃംഗാരലാസ്യസരസ്വതി

ചന്ദ്രാവതംസചുംബിതപാദ-
പത്മിനി മന്ത്രശ്രുതിശുദ്ധമദ്ധ്യമീ
സ്ംഹേന്ദ്രമദ്ധ്യമപ്രതിമദ്ധ്യമകടീ-
മദ്ധ്യനാഭീമദ്ധ്യപത്മഭൂഷണി

മംഗലകാമനാ മംഗലാപുര
സുമംഗലാപ്രിയമുകുന്ദരൂപിണി
മോഹിനി മൂകാംബികാസ്വരൂപിണീ
ശ്രീഹരിഹരവന്ദ്യവിദ്യേശ്വരീ

സപ്തസ്വരദേവതാധ്യാനം
5. പഞ്ചമി
വാസന്തപഞ്ചമീ കോകിലപഞ്ചമി
പഞ്ചേശി പഞ്ചാശദർണ്ണേശ്വരീ
പർജന്യപാഞ്ചജന്യപഞ്ചാനന
പാർശ്വസ്ഥവർണ്ണേശ്വരീ പ്രണവേശ്വരീ

വാണീ മഹാബ്രാഹ്മി ശ്രീഭാരതീ പാദ-
രേണു നിനക്കീ പ്രപഞ്ചമാകെ
മുപ്പത്തിമുക്കോടി ദേവരും നിൻപദം
പാടുന്നു പഞ്ചദശീമുദ്രിണീ

ലോപാമുദ്രാസൂത്രേശ്വരീ
ഷോഡശി മൈത്രാവരുണേശ്വരീ
വസിഷ്ഠാഗസ്ത്യവംശപാലിനീ
പ്രസന്നവദനേ വാഗീശ്വരീ.

സപ്തസ്വരദേവതാധ്യാനങ്ങൾ.
ധൈവതി
ധൈവതീ ദൈവതീ ധീവരധീമതീ
പീത നവസുധാരസവിശേഷിണി
പീനസ്തനാമൃത പാനമഹോത്സവ-
മന്വന്തരമാനവവംശപോഷിണി

മാഹേശീ മഹേശനേത്രതാപം
മോഹനകാമനയായി നിന്നിൽ
ധും ധും ധ്വനി ധമനീതാളരൂപിണീ
സന്തത ഹൃദ്രോഗനിവാരിണീ

മൃദംഗ ഡമരു ഘണ്ടാരവമോദിനി
മൃദുലവാങ്മയസാഹിതിലോലിനി
വിദ്യാവിദ്യാരൂപിണി ശ്രീവൈദ്യ-
നാഥായുർവ്വേദവിദുഷി മാധവി.

സപ്തസ്വരദേവതാധ്യാനം
7. നിഷാദി
അശേഷജനതാഹൃദയംഗമം വർണ്ണ-
വിശേഷസർവ്വാംഗവിഭൂഷണാംഗം
സമസ്തഗുണനിർഭരവിഭ്രമാംഗം
പ്രമാണമാനേശ്വരഭ്രാമരാംഗം

ഗർവ്വപ്രിയാഗന്ധവതി നിഷാദീ
സർവ്വപ്രിയാ ശശികലാവതംസാ
സർവ്വസ്വരാന്ത്യകളഭസ്വരാംഗ
ഗന്ധർവ്വരാജകുമാരി ഗൌരീ

മയൂരപിഞ്ഛരാധാരിണി കുന്നി-
ക്കുരുമണിമാലിനി പുളിന്ദകന്യാ
ഗുരുമൂർത്തീ ഗുരുഗുഹകാന്താ തിരു-
മുരുകക്കുറവഞ്ചിവല്ലീശ്വരി

ഡോ.സുവർണ്ണ നാലപ്പാട്ട്

## 2. മൂകാംബികാനവാവരണകൃതികൾ

സ്തുതാമയാ വരദാ വേദമാതാ
പ്രചോദയന്താം പാവമാനീ ദ്വിജാനാം
ആയു,പ്രാണം,പ്രജാം പശും കീർത്തിം
ദ്രവിണം ബ്രഹ്മവർച്ചം സമമഹ്യം ദത്വാ
വ്രജതു ബ്രഹ്മലോകം.(വേദസൂക്തം)

വരദയും പവമാനിയും(പവിത്രീകരിക്കുന്നവൾ)ആയ സരസ്വതി എന്ന വേദമാതാവിനെ സ്തുതിക്കുന്നു. ആയുസ്സും പ്രാണവും പ്രജയും കീർത്തിയും ഐശ്വര്യങ്ങളും ബ്രഹ്മവർച്ചസ്സും സമമായ അഹ്യവും തന്ന് ബ്രഹ്മലോകത്തേക്ക് നയിക്കുന്നത്(മോക്ഷം തരുന്നത്) അവളാണ്.
വേദമാതാവായ പവമാനി(പവമാനൻ) ബ്രഹ്മജ്ഞാനികളായ ബ്രാഹ്മണരെ പ്രചോദിപ്പിക്കുക മാത്രമല്ല , ബ്രഹ്മജ്ഞാനികളുടെ പ്രസൂതി(പ്രസവിക്കുന്നവൾ-അമ്മ)യും ആണ്. എന്ന് തൈത്തിരീയം. പവമാനനെ സാമവേദമെന്ന് വൈദികസമ്പ്രദായം.( സാമവേദോ ബ്രാഹ്മണാനാം പ്രസൂതി) വേദാനാം സാമവേദോസ്മി എന്ന് ഭഗവദ് ഗീത. പവമാനന്റെ സ്ത്രീലിംഗം പവമാനി.
സിംബോളിക് ആയി വൈദികസമ്പ്രദായത്തിൽ ഋഗ്വേദം സൂര്യനും യജുർവ്വേദം അഗ്നിയും സാമവേദം പവമാനനും അഥർവ്വം സോമനുമാണ്.

മൂകാംബികാനവാവരണകൃതികൾ
ഡോ.സുവർണ്ണ നാലപ്പാട്ട്.

ആവരണം 1 ത്രൈലോക്യമോഹനചക്രം
പല്ലവി: ശുഭകരി സുഖദേ മൂകാംബികേ
യോഗിനി ത്രൈലോക്യമോഹിനീ

അനു: ചിന്താമണിഗൃഹചക്രേശ്വരീ
വന്ദേ ത്രിപുരസുന്ദരീ
ചരണം
മന്ദാരകുന്ദകുമുദോൽപ്പലസുന്ദര-
സിന്ദൂരവർണ്ണരൂപവതീ
ആശാപാശവിമോചനീ ജനനീ
ആനന്ദാമൃതവർഷിണീ....ഹർഷിണീ..

ആവരണം 2 സർവ്വാശാപരിപൂരകചക്രം
പല്ലവി: ഇന്ദുചൂഢനുതേ ദേവീ
സുന്ദരീ മന്ദഗാമിനീ
അനു: ഷോഡശദലപത്മമാലിനീ സാമ-
വേദഗാനപ്രിയേ ഗൌരീ
ചരണം
ശിവകാമസുന്ദരീ നീരദനിറ-
ബാലസോദരി പാർവ്വതി ബാലേ
യോഗഫലകാരിണീ നിത്യ-
സർവ്വാശാപരിപൂരണീ അന്നപൂർണ്ണീ
മ.കാ: പുനരാവൃത്തിരഹിതപദേ
പുണ്യമാനസപഞ്ജരശുകേ

ആവരണം 3 സർവ്വസംക്ഷോഭണചക്രം
പല്ലവി:സർവ്വസംക്ഷോഭിണീ ചക്രേശ്വരീ
പുന്നാഗമലരാടിയാനന്ദതാണ്ഡവ-
സ്സുദിരിന്നു സാക്ഷിണി ദേവീ
അനു: രാഗമരാളികേ മൂകാംബികേ
കാദംബാടവി വാഴുന്ന രാഗാംബികേ
ശ്രിതജനപാലിനി സിദ്ധസംസേവിനി
മദഗജവാഹിനി മുഗ്ദകന്യേ

ചരണം
സാരസ്വതോല്ലാസിനീ ഗന്ധർവ്വസംസേവിനീ
ശ്രീശിവേ ശിവകാമി വാണീ
അർദ്ധനാരീശ്വരീ സൌന്ദരീ
രസാർദ്രശിവരൂപിണീ

ആനന്ദതാണ്ഡവം(മദ്ധ്യമകാലം)
പടപടപടഹധ്വനിനാദം
ഘടഘടഘട ഡമരുവിലയം
ജടദടദടയുണരും ഗംഗാ
മഴ മഴ പ്രണവപ്രണയമഴാ
കടികടികടിതടമണിചർമ്മം
കുടികുടിഭ്രൂകുടിതിരുനേത്രം
മുടിമുടിമുടിയണി കൊന്നപ്പൂ
കടികടിക്കാട്ടെഴും ശിവരൂപം

ആവരണം 4 സർവ്വസൌഭാഗ്യദായകചക്രം
പല്ലവി:ആയിരം തന്ത്രികൾ കെട്ടിനീയുണ്ടാക്കി
അനുരാഗവീണയായെന്നെ
മടിചേർത്തു ലാളിച്ചുണർത്താൻ,ഉറക്കുവാൻ
കലൈവാണി വാങ്മയീ ദേവീ

അനു:ആയിരം ഫണമെഴും പ്രാണനിശ്വാസങ്ങൾ
ഊതിയനന്തമായ് തീർത്തു
ജ്ഞാനമൌനങ്ങൾ,അനാഹതനാദങ്ങൾ
ഈ കപാലത്തിന്റെയുള്ളിൽ.

ചരണം
പാരിജാതങ്ങൾ തളിർക്കുമെൻ ജീവനിൽ
പാതിരാനക്ഷത്രമായീ
അനുമാത്രമാത്രാസ്വരൂപിണീ, മാതൃകാ-
വർണ്ണേ ,സുവർണ്ണേ ,ത്രിവർണ്ണേ,
സർവ്വസൌഭാഗ്യദായിനീ അമ്മേ
ചിദാനന്ദരൂപിണീ അമ്മേ

മൂകാംബികാനവാവരണകൃതികൾ
സുവർണ്ണ നാലപ്പാട്ട്
ആവരണം 5 സർവ്വാർത്ഥസാധകചക്രം
പല്ലവി: മൂകാസ്വാദനരൂപഹരീ
സോഹാലാപനഹംസവതീ
സർവ്വാർത്ഥസാധകചക്രിണീ
ഹ്രീംകാരനാദസ്വരൂപിണീ
അനു: വാക്കിനതീതം ഗുണരഹിതം
നോക്കിനതീതം സൂക്ഷ്മതമം
അനുഭവമാത്രം നിൻരൂപം
അതു പറയാനൊരു ചെറുവാക്കു തരൂ
(ഹ്രീംകാര)
ചരണം
മൂകനു വാക്കിൻകണിക തരും
കുരുടനു കണ്ണിൻ കനിവരുളും
ഇന്നലെ ഇന്നും എന്നും നിൻ
സുന്ദരദർശനലഹരിതരും( മൂകാസ്വാദന)

ആവരണം 6 സർവ്വരക്ഷാകരചക്രം
പല്ലവി: ചന്ദ്രക്കലാധരി ശുദ്ധധവളാംബരി
സാന്ദ്രാവബോധാഗ്നിധാരീ
ശ്രുതിസ്വരസാഗരീ
ജടാമകുടഭാസുരീ
അനു: ആനന്ദപുളകാർച്ചിതാംഗീ
ആനന്ദഭൈരവനാഥേ
ശ്രുതിലയരസസാരഭൂതേ-ദേവി
ഹൃദിനടമാടും വിഭൂതേ

ചരണം
ഗംഗാധരീ സർവ്വരക്ഷാകരീ
സുഗുണാലംബസത്യസന്മാർഗ്ഗീ
ഡമരൂനിനാദനടരാജജടചൂഢ
സിതരൂപസായൂജ്യധാത്രീ സുദേശീ

ആവരണം 7 സർവ്വരോഗഹരചക്രം
ധ്യാനം 1
ശിശുമതിഭിഷക്ധേനുഃസരസ്വതിഭിഷഗ്ദുഹഃഇന്ദ്രായഃ
ധ്യാനം 2 മുക്താവിദ്യുത് പയോദസ്ഫടിക നവജപാ
ഭാസ്വരൈഃപഞ്ചവക്ത്രൈഃ
ശീതാംശൂല്ലാസിചൂഡൈസ്ത്രിനയനലസിതൈർഭാസുരാം
അച്ഛരവർണ്ണാം.
ചക്രം ശംഖംകപാലംഗുണപരശുസുധാകുംഭവേദാക്ഷമാലാ
വിദ്യാപത്മാൻവഹന്തീനമതമുനിനതാം ഭാരതീം പത്മ
സംസ്ഥാം
പല്ലവി: രാഗേന്ദുധവളഹംസേ
ലയതാളസഞ്ചാരലോലേ
മധുരാക്ഷരീ വാങ്മയകൽനാമനോ-
ധർമ്മേശ്വരീ ശ്രുതിനിത്യേ
അനുഃസരസപ്രകാശപ്രവാഹയോഗം
പൊൻപാദചലനരാഗം
സാരസ്വതാനന്ദഗീതം
ചരണം
നദിയായ് സുദുഗ്ദ്ധയായ്
അഗ്നിഹവിഷ്മതിയായീ
ഇരവുപകലമൃതം പൊഴിക്കും
സൂര്യേ ഭിഷക്ധേനുകേ
സർവ്വരോഗഹരേ
രോഗഹരേ
ഹരേ
രേ

നവാവരണകൃതി
ഡോ സുവർണ്ണ നാലപ്പാട്ട്

ആവരണം 8 സർവ്വസിദ്ധിപ്രദചക്രം
പല്ലവി: അശോകകർണ്ണികാരസിന്ദുവാരപുഷ്പശോഭിതാ
രാഗരസികമഞ്ജരീ മധൂകവല്ലിശോഭിനീ
അനുപല്ലവി: ബാലചന്ദ്രസന്നിഭാ പലാശമുകുളഹാരിണീ
വനസ്ഥലീവസന്തചിത്രനഖമരീചിധാരിണീ

ചരണം
ബാണലിംഗശോഭിനീ മനോജ്ഞചൈത്രവൈണിനീ
പ്രണയരാഗമാലിനീ സുചന്ദ്രമൌലിഭാഷിണീ
സർവ്വാർത്ഥസിദ്ധിദായിനീ അചലപുത്രി പാർവ്വതീ
ചലനലാസ്യമോഹിനീ ഗതിഗമകഗ്രാമഗാമിനീ

ആവരണം 9 ശ്രീപുരബിന്ദുമദ്ധ്യം
പല്ലവി
ആദിമദ്ധ്യാന്തരഹിതമായി
നാമരൂപങ്ങൾക്കും മുന്നമായി
ശ്രീപുരബിന്ദുവിൽ നീലപ്രലയജലോപരി
ശേഷതൽപ്പത്തിൽ
ഞാനുമീ നീയും ലയിച്ചിരിക്കേ
യോഗയോഗേശ്വരീ ഞാൻ.
അനുഃചുറ്റുമൊരാന്നദസാഗരംമാത്രമെൻ
ചുറ്റും ഭ്രമിക്കുന്നു രാഗതാളം
ആനന്ദനന്ദമീ താലത്തിലൊരുമാത്ര
ഗാനമായ് പല്ലവിയായി നമ്മൾ.
അന്നു രാജരാജേശ്വരീ ഞാൻ.

ചരണം
സ്വരലയകാലപ്രലയനമായ്
നമ്മളൊരുമിക്കുമീ ശുഭയാമമല്ലേ
മൃത്യു ?, അമൃതവും? സംസാരനിർവ്വാണം? ,
സത്യം? അസത്യവും ? മായതാനും ?
ഇന്നു ബ്രഹ്മബ്രഹ്മേശ്വരീ ഞാൻ.

3. നവരാത്രികൃതികൾ

## പത്മസരസ്വതി

അമ്മേ പൊഴിയുന്നു,വേഗമായ് നിന്നശ്രു
ധാരാസരസ്വതീരാഗം
പത്മസഹസ്രാരമധുബിന്ദുവെന്നപോൽ
കൊഴിയുന്നു നിന്നശ്രുധാര

ഇത്രമധുരമീ സാരസ്വതത്തിനു-
മാവില്ലയമ്മേ കൊളുത്താൻ,
വീണ്ടുമൊരിക്കലണഞ്ഞൊരാ സൌവർണ്ണ-
ദീപത്തെയൊന്നു കൊളുത്താൻ.

ആകാശമാമമ്മ പോറ്റിയ ഗന്ധപ്രകാശങ്ങളെല്ലാമലിഞ്ഞു
ആ അമൃതാത്മന്റെ പൊന്നധരങ്ങളിലമ്മേ നമുക്കായിമാത്രം
ശ്വതഹസ്തേ, മൃതാത്മാവിന്നമൃതാത്മമേന്തിയനിന്നശ്രുധാര
ധാരാസഹസ്രം കൊഴിയും ദ്രുതതാളമീ ഭൂമി
കാതോർത്തിടുന്നു

## ആകാശനന്ദാവിളക്ക്

തെക്കിനിത്തിരുമച്ചിരുട്ടിൽത്തെളിയുന്നു
മക്കൾക്കുകണ്ണായൊരമ്മദീപം
പിഞ്ചുകാലിടറാതെ വീഴാതെ നേർവഴി-
ക്കഞ്ചിന്ദ്രിയങ്ങൾക്കും മാർഗ്ഗദീപം

ശ്രീലകത്തെരിയുന്നു നന്ദാവിളക്കുകൾ
നിത്യം കെടാതെ ജ്വലിച്ചിടുന്നു
വീടിനും നാടിനും ഭൂവിനും വാനിനും
ശ്രീയായ് തെളിയുന്നു താരദീപം

ആകാശദീപത്തെ നന്ദാവിളക്കിനെ -
ത്തെക്കിനിമച്ചിലെ കൈത്തിരിയെ
ഉള്ളിലാവാഹിക്ക,ഒന്നു നമിക്കുക,
ഉള്ളിൽ സ്വയംജ്യോതിയായെരിയും

അല്ല, തെരുവിളക്കല്ലതു, മാദ്ധ്യമ-
ച്ചില്ലുകൂട്ടിൽക്കല്ലെറിഞ്ഞുവീഴ്ത്താൻ.

## ഞാറ്റുവേലക്കിളിയുടെ അക്ഷരനിവേദ്യം

ഞാറ്റുവേലക്കിളിപ്പെണ്ണിനെത്തോളേറ്റി
മുളയരിച്ചാമരം വീശി
എന്മുന്നിൽവന്നോരെന്നമ്മേ നിനക്കെന്റെ
വാക്കിന്റെ പാദസ്സരങ്ങൾ.

ഞാറ്റുവേലക്കിളിപ്പാട്ടെന്റെ ചുണ്ടത്തു-
മൂറ്റിയ വാഗർത്ഥരൂപേ
നീതന്നൊരക്ഷരലക്ഷനിവേദ്യമ-
ല്ലാതെന്തുണ്ടെൻകയ്യിൽ നൽകാൻ.

തന്നതെല്ലാം തിരിച്ചേകമീ ജീവന്റെ
അന്ത്യാഞ്ജലിയിതു ദേവീ
വന്നമൃതം പോലിതു കുടിച്ചീടുക
നിന്നമൃതം താനിതമ്മേ

## കൈവല്യം

അന്നപൂർണ്ണവന്ദ്യസുന്ദരമെന്നുമീ മന്നിൽ
അന്നപൂർണ്ണേ ത്രിപുരസുന്ദരി നിന്റെ നന്ദനം
പൊന്നു പെണ്ണും വിണ്ണുമെന്നും വന്നുനിൻ നടയിൽ
കുന്നുകൂട്ടും സൌന്ദരം ശിവസത്യമെൻമനസ്സിൽ.
ബ്രാഹ്മയാമം ബ്രാഹ്മിമൊഴിയിൽ ബ്രഹ്മതിരുഗീതം
ബ്രാഹ്ണീ നിൻ ഭ്രമരബ്രാഹ്മണിപ്പാട്ടിലൊഴുകുന്നു.
സുപ്രഭാതപ്രകൃതികൾ പ്രദോഷസന്ധ്യകൾ
പൊൻപ്രഭാദീപാങ്കുരം കൊളുത്തിയാടുന്നു
ചഞ്ചലം നിൻ നീൾമിഴി, ചിലുചിഞ്ചിലം പാദം
പഞ്ചഭൂതത്തിരുവിലാസപ്പഞ്ചമധുരാന്നം
എന്നുമുണ്ണും രസനയിൽ നീ രസവിരുന്നായീ
എന്നിലുണരും പൊന്നുസാരസ്വതസുവർണ്ണമയീ
കാളിദാസസുവർണ്ണസപ്തശതീ നിൻ ശ്രീസൂക്ത-
മേളയിൽ സൂര്യാം സുവര്ണാം മന്ത്രമയിയായി
കാവ്യകന്യസുവർണ്ണശങ്കരഭാരതീഗൌരീ-
പ്രിയനിലാകെ ശിവാനന്ദലഹരിയായീ നീ
ക്ഷോഭരഹിതശാന്തബിന്ദു സുതന്ദ്ര സർവ്വാംഗം
ആദിശങ്കരശ്രീചക്രരാജരാജേശ്വരി.

മണിമയം ഭരതാത്മകം ഒരു രംഗവേദികയിൽ
അണിമമാണ്ഡവി ചണ്ഡസ്വരമാരി പൊഴിയുമ്പോള്
സ്വരവർണ്ണസുവർണ്ണാഖ്യമതമരുള്വതിനായ്
സ്വരമേവ സുവർണ്ണേ നീ അക്ഷരയായീ
ഏഹി അന്നപൂർണ്ണേ സുവർണ്ണേ പാടുമ്പോൾ
ദേവി പുന്നാഗവരാളി ദീക്ഷിതർമനസ്സിൽ
പുണ്യമായെൻ മാനസത്തിലുമിന്നണഞ്ഞു നീ
വന്ദ്യവന്ദേരീകമാരികയായി ശ്രീദേവീ
നിന്നുപാസിക നന്ദിതേ നിൻ നന്ദിനി, സുരഭീ-
നന്ദിനി, നിൻപൊന്നുമകളെന്നറിവു പൊന്നാര്യേ
ഏഴരപ്പൊന്നാനയേറി വന്നു പൊന്നാനീ
ഏഴുസ്വരപഞ്ചാശദക്ഷരവർണ്ണയായെന്നിൽ.
നമ്മളൊന്നായറിയുമീ ശുഭസുന്ദരം യാമം
നിർമ്മലം നിർവ്വാണയാമം നിത്യകൈവല്യം.

സുവർണ്ണ നാലപ്പാട്ട്

പ്രകൃതിയുടെ മോഹിനിയാട്ടം
താരകാമൂക്കുത്തി ചാർത്തി,യനന്തമാ-
മാകാശഗോളങ്ങൾ പന്തടിച്ച
അമൃതമാമാനന്ദകലശവും കയ്യേന്തി-
യമ്മയെത്തുന്നു,പ്രകൃതിയമ്മ.
ഒരുതിരുവാതിരമുറ്റത്തു നർത്തനം
ശിവമോഹിനിയാടുന്നു ലാസ്യനൃത്തം
തിരുതാണ്ഡവലഹരിയിറങ്ങുന്ന ശിവഹൃത്തിൽ
മധുരം ചൊരിഞ്ഞൊരു മോഹിനിയാട്ടം

ഭരതന്റെ ഭാരതം തുടികൊട്ടിപ്പറകൊട്ടി
ചേങ്ങിലമദ്ദളത്തകില്ലു തട്ടി
അണിനൂപുരകടകങ്ങൾതിരുചഞ്ചലപാദങ്ങൾ
മണിമച്ചിലാകെയും താളമേളം
മുളകൾതുളച്ചൊരു ചെറുകാറ്റുപാടുന്ന
മൃദുമുരളീരവകമ്പനങ്ങൾ
ചെറുവെള്ളാരംകല്ലിലൊരു മിഴാവും കൊട്ടി-
യരുവികൾ പാടുന്ന മേളരാഗം

ഇന്ദീവരേക്ഷണയിന്ദിരയാടിയ
ഇന്ദ്രോത്സവചന്ദ്രോത്സവജീവരാഗം
പുണ്യവസന്തോത്സവക്ഷേത്തരങ്ങിതിൽ ജൈവരാശീദേവദാസിനൃത്തം
എല്ലാരുമാടുന്നുപാടുന്നു വേദിയിൽ അഭിനയിക്കുന്നു തനതുവേഷം
വേഷമഴിച്ചുമടങ്ങുന്നു,കാലാഗ്നിരൂപമായ് ശൈവം ചിരിച്ചിടുന്നു.

ജ്യോതിഷചക്രമെൻ വിഷ്ണുസുദർശനം
സംഗീതലയനമെൻ പാഞ്ചജന്യം വിഭോ
എൻസഹസ്രാരപത്മത്തിൽ ഇതളിട്ടും
സൌന്ദര്യലഹരിയിൽ നിൻ നിത്യദർശനം
മീമാംസയാന്വേക്ഷികീയനുഭൂതികൾ
പകരുന്നു വാങ്മയകൌമോദകം ദിനം
ഭക്തിവൈരാഗ്യങ്ങളാൽ സാന്ദ്രമീമനം
സംസാരമുക്തിക്കു നാന്ദകമായ് വിഭോ
ജ്ഞാനമൌനാനന്തധ്യാനസമാധിയെൻവനമാല,
കൌസ്തുഭശ്രീവത്സഭൂഷകൾ
നി ന്നിടം ;തള്ളവിരൽ മുട്ടി ബ്രഹ്മാണ്ഡ-
ശിഖരത്തിൽ വീണ സുഷിരദ്വാരാപുരി
ആ തമോഗർത്തത്തിനപ്പുറം നിന്നു നാം
കാണുന്നസംഖ്യബ്രഹ്മാണ്ഡസമൂഹവും
തൊണ്ടിപ്പഴം,കടകപ്പാല,കുവള-
ക്കായ്പോൽ,കടുകുപോൽ ഉരുളുന്നു ഗോളകൾ.
അവകൾക്കുപരിയൊരെട്ടിതൾത്താമര
വിടരുന്നപോലെട്ടു പുരികൾ, അതിനപ്പുറം
വിരജമായ് സാത്വികശുദ്ധമായൊഴുകുന്നു
നമ്മുടെ പ്രേമാർദ്രവിരജാതടം വ്രജം
അവിടെയസംഖ്യകോടിസൂര്യജ്യോതിഷാം
മണ്ഡലം നാദമയഗോലോകവർണ്ണങ്ങൾ

അവിടെയാ സർവ്വജ്ഞപീഠത്തിൽ നാമമരും
സർവ്വവിദ്യാസ്ഥാനബ്രഹ്മപീഠം വരം
അർദ്ധാംഗിനിയായി ഭദ്രാസനം പൂജ്യ-
ശ്രീരംഗവേദിക കൃഷ്ണരാധോത്സവം
ശിവരാഗരസനാനുഭൂതിയാൽ വിഷ്ണുപദ-
ജലതീർത്ഥഗംഗയൊഴുകുന്ന പ്രകാശപദം
ത്രിപഥഗ, ത്രിവേണിയായ് സാരസ്വതമായി
ശിവമൂർദ്ധ്നിയായിരം പത്മങ്ങളുണരവേ
ഞാനേതു,നീയേതു,ശിവവിഷ്ണുഭേദമേ-
തനഘമാം ബ്രഹ്മപ്രലയമിതെന്നിയേ.

വൈഷ്ണവാദ്വൈതലഹരി
ഡോ. സുവർണ്ണ നാലപ്പാട്ട്

### വാസ്തുക്കോലം

ഉള്ളിൽപുറത്തുമെവിടെയുമാരിലും
ഉള്ളഴിഞ്ഞോലുന്നൊരമ്മേ ഭഗവതീ
നിന്റെ സാന്നിദ്ധ്യക്കാവിതെന്മനം , മുറ്റവും
വന്നിരിക്കു, വർണ്ണഗോലാത്മികേയിതിൽ

മഞ്ഞപ്പൊടിയുമരിപ്പൊടി വെള്ളയും
ചെമ്പരത്തിപ്പൂവരച്ച ചുവപ്പുമായ്
കത്തിച്ചുമിക്കരികൃഷ്ണവർണ്ണം ബില്വ-
പത്രവിശിഷ്ടമാം ശ്യാമം ചമച്ചുഞാൻ.
ഈ വർണ്ണപഞ്ചകമണ്ഡലം രഞ്ജകം
പഞ്ചഭൂതാത്മകം പഞ്ചേന്ദ്രിയാന്വിതം
മഞ്ഞയീഭൂമി വെളുപ്പോ ജലം രക്ത-
വർണ്ണമായഗ്നിയീജീവരൂപങ്ങളിൽ
പ്രാണനും കാലദേശാത്മം ന ഭ ·സ്സമാ
ശ്യാമകൃഷ്ണാവ്യക്തബ്രഹ്മസ്വരൂപമായ്
എന്നിലുണരുന്ന ശ്യാമകൃഷ്ണാത്മികേ
ബ്രഹ്മനാദാത്മികേ, മണ്ഡലാധീശ്വരി
അച്യുതകൃഷ്ണനാഗശ്യാമസൌവർണ്ണ-
വിഷ്ണുരൂപേ,ശുദ്ധശുഭ്രരുദ്രാത്മികേ

ഹാരീതനിത്യഹരിതയാം ഭൂദേവി
ആരൂഢയോഗപത്മാധീശ്വരേശ്വരി
രഞ്ജനരേഖാത്രയീ, സ്വസ്തികാകാര-
ശ്രീനവനാദേ നവനിധിമണ്ഡലേ

നിത്യപരമേശശായികാപാദത്തിൽ
നർത്തനം ചെയ്യുന്ന പുണ്യവേദാത്മികേ
പത്മമായ്,കോലമായ്, വേദിയിൽ നാഭിയിൽ
മുറ്റത്തു,വന്നുറയുന്ന ജ്ഞാനാംബികേ
പഞ്ചകലശപദം പഞ്ചനാരികം
പഞ്ചാംഗമ ണ്ഡലം. ` , നിൻപരമം പദം
എന്മനമുറ്റത്തു നിത്യം പതിയുന്നു
സർവ്വാർത്ഥകാമപ്രദം തൊഴുന്നംബികേ.

ഡോ.സുവര്ണ നാലപ്പാട്ട്.

### ദീക്ഷ

ആത്മാവിനെത്തെളിനീരായ് ശിവമാക്കി
ആനന്ദമന്ത്രമുപാസിച്ച ദേവി ഞാൻ
ഉപ്തം രഹസ്യം മനനമീ മന്ത്രണം
ത്രാണനം ചെയ്യട്ടെ സർവ്വലോകത്തെയും
കൃഷ്ണപൌർവ്വാഹ്നികമൌനവ്രതങ്ങളാൽ,
ദിവ്യഭാവം തന്നതീദീക്ഷയല്ലയോ
നിർമ്മാല്യമൊക്കെയും നീക്കി പുഷ്പാഞ്ജലി
അർഘ്യപാദ്യാദികളാചമനങ്ങളും
മൂർദ്ധാവിലെഗ്ഗുരുധ്യാനം ബ്രഹ്മാത്മൈക്യ-
ഭാവനം ചേർന്നു ജപിച്ച ഞാനീവിധം.
ത്രൈലോക്യചൈതന്യമയാദിദേവാ,
ശ്രീനാഥവിഷ്ണോ ഭവദാജ്ഞയൈവ
പ്രാതഃസമുത്ഥായ തവപ്രിയാർത്ഥം
സംസാരയാത്രാമനുവർത്തയാമി

എനിക്കറിഞ്ഞൂടധർമ്മധർമ്മം
പ്രവൃത്തിയൊന്നും,ഒരു പുണ്യപാപം
ജനിച്ചനാൾതൊട്ടു ഹൃദിസ്ഥമായ
ഭവദ് നിയോഗം മമ കർമ്മധർമ്മം
മമാന്തരം വൈഷ്ണവമായ സ്നാനം
പുറത്തെ മുങ്ങിക്കുളിയല്ല മാർഗ്ഗം
സദാ പതിക്കുന്നിതു മൽശിരസ്സിൽ,
വിശുദ്ധപാദോദകസ്വർഗ്ഗഗംഗ.
അതിന്റെ ധാരാസ്ഫടികോപമത്താൽ
ക്ഷണം പ്രസന്നം വിരജം മനസ്സും
സരസ്വതീനർമ്മദസിന്ധുഗോദാ-
വരീ നിളാ കാവിരി താമ്രപർണ്ണി
സുകന്യ കാളിന്ദിയൊഴുക്കിനാലേ
മനസ്സിതും പാവനതീർത്ഥമായി

ആഭ്യന്തരസ്നാനപവിത്രചിത്തിൽ
ശ്രദ്ധാമയീ വർണ്ണകലാമയീ നീ
ദീക്ഷാമയീ നിൻകവചം ചമച്ചു
രക്ഷിപ്പു നിത്യം ഇതുതന്നെ ദീക്ഷ

ഡോ.സുവർണ്ണ നാലപ്പാട്ട്

പ്രാണപ്രതിഷ്ഠ

കുങ്കുമവർണ്ണം ത്രിനേത്രം രുചി-
രാകല്പശോഭം സുഗാത്രം
കാളാംബുദാഭം വരേണ്യം
ത്രിവലയാവർത്തചൈതന്യധാമം

നേരേച്ചിറയിൽക്കുളിർത്ത
നീലജലം കഴുത്തറ്റം
ഋക് പഞ്ചകം പൂത്തഹൃത്തിൽ,
സൂക്തമേന്തീട്ടു പൊന്തുന്നിതമ്മ
ദേവീ സ്വയംഭൂനിനക്കെൻഹൃത്തി-
ലാറാട്ടു ഗംഗാജലത്തിൽ
ചിന്മന്ത്രചിന്മുദ്ര ചിത്തിൽ
ചിതിയായുദിക്കും സുഭദ്രേ

സർവ്വാംഗവും മധുചേർത്തു
നല്ല ശർക്കരകൊണ്ടു പൊതിഞ്ഞു
സൌമ്യേ, മധുരേ,നിനക്കീ
കാവ്യഗംഗയിൽനിത്യനിദാനം

ഓരോരോ വർണ്ണാക്ഷരങ്ങൾ
ഗന്ധസൂനം കൊരുത്ത മാല്യങ്ങൾ
ഓരോരോ ധ്യാനദീപങ്ങൾ, നിത്യ-
നന്ദാവിളക്കുകൾഅമ്മേ
ഓരോ നിനവിലും പൂക്കും
മാകന്ദമന്ദാരത്തേനേ
പ്രാണഹൃദയം ന്യസിച്ച നിന്നെ-
യെന്നിൽപ്രതിഷ്ഠിച്ചിടട്ടെ.

സർവ്വേന്ദ്രിയങ്ങളിൽചിത്തായ്
സർവ്വാംഗസർവ്വജ്ഞവിത്തായ്
എന്നാത്മസ്പന്ദമായ് ദേവീ നീയീ
മൃണ്മയപ്പാവയിൽവാഴ്ക.

നിരാവരണധ്യാനം
ജാതവേദസ്സേ ,തപ്തസൌവർണ്ണപ്രഭേ, നിത്യ-
നൂതനേ, മഹാദേവീ വരദാഭയപ്രദേ
സുവ്രതേ, സ്വധേ, സ്വാഹേ, ഒഴുകു സാരസ്വത-
ശർവ്വരീ, ശർവ്വാണി നീ മുക്തമാനസയെന്നിൽ.
പ്രണവപ്രാസാദവ്യാഹൃതിസമ്പുടം ചന്ദ്ര-
ശിരസം ത്രിലോചനം വേദാത്മം തവരൂപം
കലശദ്വയാമൃതരസസമ്പൂർണ്ണം ശിരം
മാൻമഴു,ഗദാശംഖമക്ഷമാലാഢ്യം കരം
വീണയെ ലാളിക്കുന്നു പുസ്തകം ധരിക്കുന്നു
മുദ്രകൾകാട്ടി നൃത്തലാസ്യത്തിൽക്ഷണിക്കുന്നു
നിൻധ്യാനരൂപം ജിതേന്ദ്രിയമാം ശിവചിത്തി-
ലെന്നപോലെന്നിൽതിളങ്ങീടണം മഹാമായേ

ലിംഗപഞ്ചാസ്യം മുഷ്ടി അംബുജശക്തീമുദ്ര
നിങ്കൽഞാൻകാണിക്കുന്നു വരദേ നമസ്കാരം
ബില്വവും പലാശവും ഖദിരം വടം തിലം
കടുകം പാലും തൈരും സർഷപം ഹോമിക്കുന്നു
പഞ്ചാക്ഷരോദ്ധാരത്താൽപീഠത്തിൽചെയ് വൂ, ഋഷ-
ഭധ്വജപൂജ,മൂലമൂർത്തിസങ്കല്പത്തോടെ
സൂര്യചന്ദ്രാഗ്നിവായുഭൂമിയും ജലമൂർത്തി
അഷ്ടമൂർത്തിയും ആത്മഭാവേന ധ്യാനിക്കുന്നു
ഏഴേഴായ് ഒന്നൊന്നായിട്ടാവരണങ്ങൾനീക്കി
ഓരോരോ അംഗം അതിന്നായുധം നമിക്കുന്നു.
സത്യത്തെ മറച്ചനിൻസൂര്യസൌവർണ്ണദ്വാരം
സത്യകാമിയാമെന്റെ മുന്നിൽനീ തുറന്നാലും

നിത്യവും നിരാവരണാഢ്യയായ് സ്വരൂപമായ്
നിർമ്മലേ, മമാത്മാവിൽദർശനമരുളാവൂ.

പുലിന്ദകന്യ (ധ്യാനശ്ലോകം)
ആവിർന്നിദാഘമജലശീകരശോഭിവക്ത്രാം
ഗുഞ്ജാഗുണേനപരികല്പിതഹാരയഷ്ടീം
പത്രാംശുകാമസിതകാന്തിമനംഗതന്ത്രാ-
മാദ്യാം പുലിന്ദതരുണീമസകൃത് സ്മരാമി.

ജലമുറ്റമേഘംപോൽശോഭിക്കും തിരുമുഖം
കുന്നിക്കുരുമാലയിട്ട ഗാത്രം
ഇലതുന്നിച്ചേർത്ത തഴയുടയാടകൾ
അസിതമാം പച്ചക്കറുപ്പവർണ്ണം
ആദ്യാംബികേ,ആദ്യനംഗതന്ത്രേ,ആദി-
മാനവവംശത്തിൻ പുണ്യമാതേ
ത്വരിതേ, പുലിന്ദതരുണീ, പുലച്ചിക്കൽ
കുടികൊള്ളും മലയാളആദിശക്തീ
നിത്യസ്മരണയാൽ ആരെയും പാവന-
ചിത്തരാക്കീടും ഭവാനി വന്ദേ.

യോഗികൾകാണുന്നുനിന്നെ യോഗാരൂഢ-
പത്മാസനത്തിലമർന്നവളായ്
കാമാദിവൈരിഷഡ്കത്തെ ജയിച്ചോളായ്
ഇന്ദ്രിയഗണനാഥയായ് പ്രസന്നേ
പാശാങ്കുശം വരദാഭയമുദ്രകൾ
അരുണവർണ്ണം മൂന്നുനേത്രമോടെ
യോഗീന്ദ്രഹൃത്തിൻ പെരുന്താമരപ്പൂവി-
ലാരൂഢ, ഭുവനേശ്വരീ നമസ്തേ.

ച്ചുട്ടസ്വർണ്ണംപോൽസുവര്ണേ, ചതുർഗ്ഗജാ-
വർത്തിതസ്വർണ്ണകുംഭാമൃതത്താൽ
നിത്യാഭിഷിക്തേ, രുചിരനളിനങ്ങൾ
നിത്യവരദാഭയമുദ്രകൾ
ആനന്ദദർശനമേകുന്ന പാലാഴി-
മാതേ, പത്മാവതീ, കുമ്പിടുന്നു

ദുർഗ്ഗേ ഭഗവതി, ദുർഗ്ഗതിനാശിനി,
ദൂർവ്വാദളദ്യുതികാന്തിയോടേ
എട്ടുകയ്യിൽദാരുണായുധങ്ങൾ ദിക്കു
പൊട്ടുന്നൊരുഗ്രാട്ടഹാസവുമായ്
സിംഹാസനാരൂഢയായിട്ടധർമ്മത്തെ-
യൊന്നായൊടുക്കുന്ന രാജേശ്വരീ
ഏതുരൂപത്തിലുമേതുനാമത്തിലും
സാദാഖ്യ നിന്നെ ഞാൻ കൈതൊഴുന്നു.

കാമവും യോഗവും ദാനധർമ്മങ്ങളും
മോക്ഷവുമേകും പരദേവതേ
സർവ്വാർത്ഥസാധികേ,ദേവീ നമോസ്തുതേ
സർവ്വാത്മരൂപിണീ , നാരായണീ

ആവാഹനീമുദ്ര
(പ്രാണനും ആയുസ്സും നീട്ടിത്തരാൻ കാരണമായി ഭവിച്ചത്, മുത്തശ്ശി. അക്ഷരബ്രഹ്മത്തെ മാനസപൂജയാലും മഹാമുദ്രകളാലും ആവാഹിക്കുന്ന ജീവിതം ഒരു പുഷ്പാഞ്ജലി. ഈശ്വരനെന്ന മഹാശക്തിയുടെ നിത്യസാന്നിദ്ധ്യാനുഭവം ജീവിതത്തെ ആത്മവിശ്യാസത്തോടെ, ധൈര്യമായി സമീപിക്കാനുള്ള ഇഛാ,ക്രിയാ,ജ്ഞാനശക്തികൾ തരുന്നു.)
പ്രാണനെയാവാഹിച്ചെന്നിൽ പ്രതിഷ്ഠിച്ച
പ്രാണദാതാവെന്റെ മുത്തശ്ശി
ഗുരുവായുപുരനാഥനരുളിനാൽ പുതിയൊരു
ഉയിരെനിക്കേകിയ മുത്തശ്ശി.

ആവാഹനീമുദ്രയാരചിക്കുന്നു,ഞാൻ
ആമോദിക്കട്ടേ സമസ്തലോകം
സമ്യക്കായ്, പുഷ്പപുടാഞ്ജലിയിൽ,പ്രാണാ-
വാഹനം,സ്ഥാപനം, മാനസത്തിൽ
ആശ്ലിഷ്ടമുഷ്ടിയുഗളം ,ഉയർത്തിയ
തള്ളവിരലുകൾ സന്നിധാനം
സാന്നിദ്ധ്യക്കാവായി മാനസം, സാകലീ-
കൃത്യമായ് സർവ്വാംഗവും വളർന്നു
നിത്യഭ്രമണകാരൻ പ്രവഹാനിലൻ
വായുവിൻ ഭ്രാമിതാമുദ്രമാർഗ്ഗം
വാമമാവർത്തനചഞ്ചലം ജീവിതൻ
പ്രാണസന്ധാരണമോദമൂലം
എങ്കിലും പ്രാണനചഞ്ചലം ,സംയമം
ധ്യാനസമാപ്തിയിലെന്റെയുള്ളിൽ

എന്നംഗുലികളാം പഞ്ചഭൂതങ്ങൾ തൻ
സംയോഗമുദ്ര ശരീരമല്ലോ
മുദ്രയിൽ ഭേദം വരുത്താതെ,യാമയം
പറ്റാതെ കാക്കുന്നു പ്രാണദേഹി.

അഞ്ജലികുപ്പിയനാമികാമൂലത്തിൽ
തള്ളവിരൽതൊട്ടു ഞാൻവിളിക്കെ
ആവാഹനംകേട്ടുണരുന്നു പ്രാണന്റെ
കാവിലെ നിത്യസാന്നിദ്ധ്യമമ്മ
മോക്ഷാർത്ഥമായിട്ടു മാനസസങ്കല്പ-
മുദ്രകൾ കാട്ടുന്നു ഞാനവൾക്കായ്
ധേനുമുദ്രാന്വിതം സർവ്വാമൃതീകര-
ണം മഹാമുദ്ര രഹസ്യമുദ്ര

അ തൊട്ടു ക്ഷ വരെ അക്ഷമാലാമുദ്ര
ജീവന്റെ ഗർഭഗൃഹത്തിലെന്നും
ദേവി,സർവ്വാമൃതേ,സർവ്വാർത്ഥസാധികേ
ധേനുസരസ്വതിയക്ഷമാലേ
നിന്നക്ഷരലക്ഷമക്ഷരപൂജയെൻ
ജീവൻ നടത്തും രഹസ്യപൂജ

ഈ മഹാമുദ്രയാലെന്നാത്മഗേഹത്തി-
ലെന്നുമെന്നും നിന്റെ സന്നിധാനം.

## ശക്തികൂടം(ഹംസവാഗീശ്വരി)

ഹരീം കലഹംസവാഗീശ്വരീം
രീംകാരനാദേശ്വരീം
കമലാസനസ്ഥാക്ഷരീം
സകലാക്ഷരോല്ലാസിനീം
ഹ്രീംബീജഭുവനേശ്വരീം

ഹസകലഹ്രീംശക്തികൂടേശ്വരീം
മൃദുമധുഹാസത്രിപുരേശ്വരീം
ഹൃദ്ഹരിചന്ദനാസക്തിനീം
ലാവണ്യപൂരാരുണാകർഷിണീം
രാകാശശിചൂഡമുകുടേശ്വരീം
സൌമ്യത്രിനേത്രാഗ്നിസംഹർത്തിനീം
സൌഭാഗ്യധാരാധരവർഷിണീം

ഫുല്ലാരവിന്ദാസനസ്ഥാം രമാം
വർണ്ണാക്ഷരീമാലരൂപാം ക്ഷമാം
സൌവർണ്ണസൌന്ദര്യധാരാം ശിവാം
പൂർണ്ണാം ഹരീം ഹംസവർണ്ണേശ്വരീം
ശ്രീ ഹരീം കളഹംസവാഗീശ്വരീം

**ഡോ.സുവർണ്ണ നാലപ്പാട്ട്**

4. നവഗ്രഹസ്തോത്രം

സൂര്യൻ

സൂര്യസുവർണ്ണസ്വരബിന്ദു
താരവർണ്ണധ്വനി നാദബിന്ദു

അനുപല്ലവി

ഹരിജചക്രവലനസുലളിത
ഹരിതധരയിൽ ധാരാധരം
സുരസുരാർച്ചിതപുരുഷ, ആരാ-
ധനരഥത്തിൽ രാഥസ്സുകൾ.

ചരണം

ഋഷഭകാർത്തികപ്പാതിയുരുവിൽ
സുഷമയായ് വർഷാർച്ചനം
ഹരിണഹരിതശ്രീഋഭസ്സുകൾ
സുരധനുർശരവാങ്മയം

മദ്ധ്യമകാലം

ദിനകരഭാസ്കരപ്രഭാകര
മനഹരി മരീചിഭാർഗ്ഗവ
സ്ഥലജലപഞ്ചപ്രാണമരുദ്
സഹചരസുന്ദരപ്രജ്ഞാകര.

ചന്ദ്രൻ

ചന്ദനസുന്ദരമന്ദഹസിത
മന്ദാരചന്ദ്ര മന്ത്രശരീരാ

അനുപല്ലവി

ചന്ദ്രികചർച്ചിതനിശകര ,കൃഷ്ണ-
ചന്ദ്രാർച്ചിതശരശ്ചന്ദ്ര മന്ദ്ര-
താരാധീശ്വര ജലമയശീതള
പൂരിതശാന്തഹൃദയശശാങ്ക

ചരണം

ചന്തം ഛന്ദശരീരം സംസൃതി-
ബന്ധവിഹീനം അതിഥിതിഥികൾ
പഞ്ചദശീഷോഡശികലപൂർണ്ണ
പഞ്ചഭജാത്മക സഞ്ചിതപുണ്യം

മദ്ധ്യമകാലം

അമ,സമ, സാമം അമവാസി
പൂരി പൌരം അമി പൌർണ്ണമസി
ബ്രഹ്മമയം ശ്രീ തത്വമസി
കൌമുദിനീ അഹം ബ്രഹ്മാസ്മി



നവഗ്രഹസ്തോത്രങ്ങൾ

സുവർണ്ണ നാലപ്പാട്ട്

ബുധൻ

ബോധിസുധാത്മകവിബുധശരീരം
ബോധാതീതബുധം സുവിദിതം

മധുനാഡീലയപ്രജ്ഞാമൃതം
പാരമിതം മധുരം ഹരിതം
ചന്ദ്രസുതം താരാഹൃദയം
യാദവകൃഷ്ണപിതാമഹം

മേധാഗീതകവൈദ്യകലാ
ജ്യോതിഷ്മതി ഭരതം വേദം
ദർശനശാസ്ത്രതന്ത്രകൃതം ചതു-
ഷഷ്ടികലാസർവ്വജ്ഞഗുരും

സൂര്യഗുരൂപനിഷദം ശിഷ്യം
പ്രണവനാദസാന്നിദ്ധ്യഹൃദം
സത്യസങ്കല്പശാസ്ത്രവിദം
ഉപബോധബോധബോധാതീതം.

ശുക്രൻ

ശുക്രം ശുഭ്രം ഗുരുവരം
സുരാസുരാമൃതസഞ്ജീവനം

കാവ്യനാടകാലങ്കാരവർണ്ണാ-
യുർവ്വേദം മധുനാഡീലോലം
യയാതിപാഞ്ചജനമാതാമഹം
മയാദിദാനവഗുരുവരദം

ഭൃഗുകഛേരശം പശ്ചിമതീര-
പ്പരശുരാമക്ഷേത്രനിവാസം
ലക്ഷ്മീതാതം ഹിരണ്യകശ്യപ-
പ്രഹ്ലാദഗുരും മഹാബലിം

ശ്രീവത്സപാദാഘാതമുദ്രിത-
ശ്രീനിവാസനുതഭൃഗുപാദം
ഭൃംഗിഭൃംഗീരടിവന്ദ്യം ദേവ-
യാനീതാതം ഗുരുപാദം.

ബൃഹസ്പതി

ബൃഹദ്ബ്രഹ്മഗുരും വന്ദേ
ബൃഹതീം ബ്രഹ്മണസ്പതിം

നിരുപമനിർമ്മലസുവർണ്ണവപും
താരേശം ദേവഗുരും ദേവം
സുരുചിരബ്രഹ്മജ്ഞാനമയം
അദ്വൈതലഹരീനിർവ്വാണം

പാവനപവമാനം ശ്രുതിമംഗളം
ഭുവനം ശാന്ത് ധ്യാനമയം
സമാധികൈവല്യപദപരമം
സുഖസുന്ദരബൃഹസ്പതിം പതിം
മധുരംശാന്തം പ്രാജ്ഞംതൈജസ
കേദാരം സർവ്വജ്ഞപദം
സാരസ്വതസർവ്വസ്വം ശങ്കര-
ഹൃദയേശം ശിവശക്തിമയം
സുവർണ്ണനാദബിന്ദുമയം
വർണ്ണനാദബിന്ദുമയം
നാദബിന്ദുമയം
ബിന്ദുമയം
മയം
യം

അംഗാരകൻ

അംഗാരമംഗാരകം സംഗഹീനം
ശൃംഗാരരസരാജവൈരാജകം

അനംഗാംഗമംഗല്യസന്ദായകം
വേദാംഗകോടിപ്രകാശനം
ശൃംഗാടകം അംഗദേശായനം
ഋഷ്യശൃംഗം ഋഷിപുംഗവൈശാരദം

പടവീട്ട ഷഡ്ചക്രകുണ്ഡലിനി
ദേവാനൈപതി ദേവസേനാപതി
വള്ളീമണാളം ഹരിമരുകം
സോമവല്ല്യൌഷധീപൃഷമാൽമരുകം

ധരണീസുതശിവശക്തീസുതം
അരുണം വേലായുധജ്ഞാനപ്പഴം
ചെവ്വായ് ചെമ്മൊഴി കാർത്തികേയം പരം
ഈ ചെവ്വേൽപ്പഴമുതിർ ജ്ഞാനപ്പഴം



ശനി

ശംനോ വിഷ്ണുസൂര്യതനയം
ശംനോശംഭവന്ദിതം
ശംകരം സങ്കടനാശനം
ശംനോ ശനീശ്വരം വരദം

വൃദ്ധം യമം കാകവാഹനം
സുവൃത്തം നീലശ്യാമളം
ധർമ്മയമുനാസഹോദരം
മഹിഷസ്പതിം മാഹിഷ്മതിം

ഛായാസംജ്ഞാമാർത്താണ്ഡം
സംഭൃതഭവിഷ്യബ്രഹ്മാണ്ഡം
ത്രികാലഹൃദയം യമദണ്ഡം
ത്ര്യംബകം ശ്രീകോദണ്ഡം

ധർമ്മസംവർദ്ധനരാജാങ്കം
കർമ്മഫലപ്രദമാമാങ്കം
നിർമ്മലചരിതം വികലാംഗം
സുധർമ്മാവന്ദിതവിമലാംഗം.

രാഹുകേതുക്കൾ.

അഹോരാത്രരാഹോസ്വരൂപം സുവന്ദ്യം
ഹോരാവിഭക്തം സുഭക്തം സുധേശം

ഹരിചക്രവലനം ശതംപഞ്ചാശർണ്ണം
ഹരിജം ഇഡാപിംഗലസ്സുസുഷ്മ്നം
ശിരപത്മസാഹസ്രസുധകുണ്ഡലീശം
രദനാഗ്രദംഷ്ട്രം ദിതീപുത്രരൂപം

ശോണം രജശ്ചാമരം പുഛകേശം
ധൂമാവൃതം കേതുമാലാപസവ്യം
ഹരിചക്രഭാഗാമൃതശ്ലോഭിദേഹം
ധരയോടടുക്കും ദിതീപുത്രരൂപം

അയനാംശായനഗതിഗമകം
മയശാസ്ത്രാഭിമുഖം ഹൃദയം
വാസ്തുശരീരം പുരുഷാഖ്യം
കാലപൂരുഷസോദരം

ഭൂമി

ലഗ്നം സുലഗ്നം വരാഹലഗ്നം
ലഗധം സുഗന്ധഭൂമാഖ്യഭൂമാ
ആനന്ദക്ഷേത്രാനുഭൂതിമാർഗ്ഗം
നാരായണം നരം ക്ഷേത്രജ്ഞജം

ധരാധരിത്രീധരണീ ആധാര
മൂലാധാരശ്രീധരദാരം
സാരരാസസരസ്വാതീകേദാര
വിശാരദം ശരദം പരം

ക്ഷോണിക്ഷിതിയക്ഷിണിപുരുഷേക്ഷണാം
വാണീം ഉണീം ഉണവതീം
ക്ഷീണകന്മഷവാണി വരേണ്യശ്രേണിയക്ഷൌഹിണീമയീം

ചിന്താമണിചൂഢാമണി കാമാർത്ഥധർമ്മദായിനീ
മോക്ഷിണീസാക്ഷിണീ രക്ഷിണീ
തത്ക്ഷണകാവ്യസുദക്ഷിണി
അന്നപൂർണ്ണസദാപൂർണ്ണമന്നിതു മാനസസൌപർണ്ണിക
സന്നുതഹരിപദസമ്മോഹിനീ വന്ദേ ജനനീ ആനന്ദിനീ

## 5. ശിവാനന്ദലഹരി

# ശിവാനന്ദലഹരി

പെരിയ പുരാണത്തെ ആസ്പദമാക്കിയ Teenage കവിതകളാണ്
ഡോ.സുവർണ്ണ നാലപ്പാട്ട്

- അഞ്ചാം നൂററാണ്ടിൽ തിരുവാവടു് തുറയിൽ ജനിച്ച തിരുമൂലരുടെ ഒന്റേ കുലമും ഒരുവനേ ദൈവമും എന്ന ആശയംഒരുജാതി ഒരുമതം ഒരുദൈവം എന്ന അദ്വൈതമൂലമന്ത്രമായിത്തീർന്നു.643-659 എഡി വരെ മാത്രം ജീവിച്ച്പതിനാറാം വയസ്സിൽ വിവാഹ നാളിൽ സ്വേഛാസമാധി വരിച്ച തിരുജ്ഞാനസംബ ന്ധരാണ് തിരുമൂലർക്കുശേഷം ശൈവാഗമ ത്തിൽ അദ്വിതീയൻ. ജന്മസ്ഥലം ചെമ്പൈ എന്ന കാഴി. അഛൻ ശിവപാദ ഹൃദയർ,അമ്മ ഭഗവതി യാർ.-നക്ഷത്രം തിരുവാതിര, കുലം കൌണിയാറ്. ശിവാനന്ദലഹരിയിലെ ആദ്യ ത്തെ പന്ത്രണ്ടു ഗീതം അദ്ദേഹത്തിന്റെ കഥയാണ്.ബാ ക്കിയുള്ളവ ആലാല സുന്ദരരെന്ന സുന്ദരേശ്വരനായ നാരുടെയും. ചെമ്പൈ ,വൃദ്ധാചലം എന്നീ സ്ഥലനാമങ്ങളുമായി ബന്ധപ്പെട്ട ഈ കഥകൾക്കുപിന്നിൽ ശൈശവത്തിലെ ഒരു സ്വപ്നത്തിന്റെ പ്രചോദനമുണ്ട്.

സ്ഥൂലമന്ത്രം
ഓംനമശ്ശിവായ
നാവായിനർത്തനതിരുപാദം
മഴയായി നാഭീസ്വരസർഗ്ഗം
ശിവായതോളിലെ തിരുജടകൾ
വാനായിവദനത്തിരുതിങ്കൾ
യാഴായി ആയിരദളപത്മം

സൂക്ഷ്മമന്ത്രം
ശിവായനമ
ശിവായകയ്യിലെ ഡമരു തൊഴാം
വായാലെ നീട്ടിയകൈമുകരാം
യമായയമഭയഹരഹസ്തം
നമായ കണ്ണിലെ തൃത്തീയും
മമമായതീർക്കും ശിവപാദം
ഓം നമശ്ശിവായ ശിവായനമ

തില്ലൈവാഴും അന്തണർതൻ
അടിയാർക്കും അടിയേൻഞാൻ
ആലാലസുന്ദരൻ ദാസാനുദാസൻഞാൻ
ജടയണിഞ്ഞുനീരണിഞ്ഞു രുദ്രാക്ഷമണിഞ്ഞു
മുടിയഴിഞ്ഞുനൃത്തമാടും ചിത്സഭാപതി
ആറു,പത്തുനാലുകലയണിഞ്ഞപാർവ്വതീപതി
പുരം ഒക്കെയാണ്ടത്രിപുരവൈരീ ത്രിപുടിതീർത്തപശുപതി
ഉലകുണർന്തഓതുവോർക്ക് ഇനിയവൻശിവൻ
ഉലകളന്തമാധവന്റെ ഇളയവൾക്കുംഇനിയവൻ
തിരുതൊണ്ടേകേട്ടുതോകൈ നീർത്തമയിലുപോലാടി
തില്ലൈവാഴമന്തണർക്കടിയാര്ക്കടിയാർമന്നവൻ
പെണ്ണഉപൊന്നുമണ്ണളന്ത കാമദഹനസുന്ദരൻ
പുണ്യശാലിപാർവ്വതിക്കോ കാമസുന്ദരേശ്വരൻ
നമ്പിവന്തവർക്കുനമ്പിയാത്രരേശ,നൺപനായ്
അൻപളിത്തപാതിമെയ്യെനിക്കുമേകിയീശ്വരൻ

പറവൈയർ കമലിനി ഉണരുമ്പോൾ
പറവൈ പറവൂരാത്രുരാൻ
ശിവചിത് സുന്ദരരണയുന്നു
തവഫലശുഭദിനമണയുന്നു
ആനന്ദാംഗിയനിന്ദിതയായ്
ആ നവസൂനമിറുക്കുമ്പോൾ
ആനായവാടത്തിന്നറയിൽ
നായകശങ്കിലിയാട്ടുന്നു
ശിവകാമിക്കൊരു മെയ് പാതി
ശിവഗംഗയ്ക്കൊരു മുടിമീതി
തീപാറുന്നൊരു ഭ്രൂകുടിയാൽ
രതിമോഹിനിയിൽ കാമശരം

മണിമുത്തുപ്പല്ലുക്കുമ്പിളി
ശിവജ്ഞാനസംബന്ധർപാടീ
പുതുനാവുക്കരശനായ് ആടീ
മാണിക്യവാചകം തേടീ
കണ്ണനമ്പാടിയിൽപ്പോലേ
എന്നുണ്ണി വളരുന്നതുണ്ടേ
കൊഞ്ചും ചിലങ്ക കിലുക്കീ
പിഞ്ചുപാദം പതിക്കുന്നു മണ്ണിൽ
താമരക്കണ്ണുകലങ്ങി, ചുണ്ടു
കോവൈപ്പഴം പോൽ വിതുമ്പീ
കന്നുപോൽ തേങ്ങിക്കരഞ്ഞു, വേദ-
മന്ത്രങ്ങൾ കാററിൽ പരന്നു
വഞ്ചിപോൽകോവിലിനററം കണ്ടു
മഞ്ഞുനാവൊന്നേയുരച്ചു
അമ്മൈയപ്പാ....വന്നുദിച്ചു,ദേവ-
നമ്മയാ,യച്ഛനായ് മുന്നിൽ

സ്വർണ്ണകുംഭങ്ങളിൽ മാതൃവാത്സല്യത്തിൻ
സൌവർണ്ണതീർത്ഥം നിറഞ്ഞു
വേദമാതാവെട്ടുക്കുന്നു,പ്രേമ-
സാരമാം പാലമൃതൂട്ടാൻ
ഉണ്ണീ കുടിക്കെന്നുരച്ചു,
രണ്ടു കണ്ണും തുടച്ചു,ചിരിച്ചു
അവളൂട്ടി വാത്സല്യമധുരം,അന്നു
ആളുടൈപിള്ളയാരായീ
കൊന്നച്ചൂട്ടും പിറാനുടെ മുത്തായ്..

ശിവപാദഹൃദയത്തിൽശങ്ക, തീരാൻ
കാലൊന്നുയർത്തുന്നു പുത്രൻ
തിരുക്കോവിലിൽദൃഷ്ടികളൂന്നി
നടരാജമുദ്രയിൽച്ചൂണ്ടീ
തിരുസാമസംഗീതഘോഷം
ഋഷഭാദ്രിയേറിരസിക്കെ
മല്ലൽ നെടുന്തമിഴ് മന്ത്രം
ഓത്തോടുപാടുന്നിതുണ്ണി

പാലാറാവായിനാൽ പാട്ടുമെന്നിൽ
പാൽവാർത്ത ദേവനേ അമ്മയപ്പൻ
പാലറ വായനായ് മാററിയെന്നെ
പാലൂട്ടി,ആലവായ് അമ്മയപ്പൻ
തിരുനീലകണ്ഠപ്പെരുംപാണനിൻ
തിരുയാഴിലുണരുന്ന രാഗമാരി
തിരുനീലകണ്ഠപ്രശസ്തി പാട്ടും
തിരുനാവില്യയരുന്നു മധുരമാരി
തില്ലൈവാഴ് അന്തണർ അറൈത്തുറൈയിൽ
ചെല്ലും മൃദുപാദപല്ലവങ്ങൾ
നെൽവായിലന്തണർ തൻകിനാവിൽ
നന്മയായ് പൂക്കുന്ന വേദപാദം.

ഓം തോടുടൈയ ചെവിയന്റെ ഗാനം
മാടേറും ഉടയോന്റെ രാഗം
പിറച്ചൂട്ടും ഇരവന്റെ തിരുനീറിലലിയുന്ന
തിരുഹൃത്തിലുറയുന്ന ഗീതം
നാദബ്രഹ്മാത്മികേ,അമ്മേ,
നിന്റെ ഏട്ടുടയ മലരാൻ മുന്നൈനാൾ
പാടിയൊരു പുണ്യത്തിനാൽനീ
ചൂടിയൊരു ചൂഡാമണിയായ് ഞാൻ
തിരുബ്രഹ്മപുരമാളുമമ്മേ
ഉണ്ണാമുലൈ തന്നതിന്നാൾ
സംഗീതസാഹിത്യമധുരം എന്റെ
തിരുനാവിലമൃതായുറന്നു

സാദരം ചന്ദ്രൻ പ്രദക്ഷിണം ചെയ്യുന്ന
കൂടൽനഗരത്തിൻ രത്നമായി
ശ്വേതമരാളങ്ങൾ നീന്തുന്നൊരാലവായ്
തീരത്തമരുന്ന ശ്രീശിവൻഞാൻ
ചെങ്കോൽകുട പടയാനയോടും കൊടൈ
നൽകുന്നകാർകാലമേഘതുല്യൻ
ധർമ്മരാജാവിന്നയയ്ക്കുന്നു, യാഴ്പ്പാണ-
ഭദ്രനാം പൂജ്യകവിവരനെ
എന്നെ ഭജിപ്പവൻ,നിൻപോലെ സേവകൻ
അണ്ഞെക്കളത്തിലണഞ്ഞിടുമ്പോൾ
നന്നായ്ക്കനിഞ്ഞരുളീടുക സൌഹൃദം
നിൻനാട്ടിലെങ്ങും സുഖംവരാനായ്

ഉയിരുനീ,മെയ്യുനീ,ഉയിർമെയ്യെഴുത്തുനീ
നാന്മറ,നാന്മുഖൻ,വേദാംഗമൊക്കെനീ
നാൽവരും നാരായണനുംനീയല്ലയോ
ഏഴുലകുംകാക്കുമർദ്ധനാരീശ്വരാ
സ്വർണ്ണപാദം പതിപ്പിച്ചൊരീമാനസം
പുണ്യതീർത്ഥം നിന്റെ ഗംഗാതടം
സ്വർണ്ണഹംസപ്രാണസഞ്ചാരഗതികളാൽ
സ്വരതരംഗം രാഗമന്ദാകിനീ

ഒരുമരക്കട്ടയിവളിലും സൌവർണ്ണ-
പുതുമരന്ദത്തിൻമധുരം നിറച്ചുനീ
തിരുവാചകത്തിനാൽ മധുരാനുരാഗത്തിൻ
നവതരംഗം ലയസംഗമം

ഐന്തെഴുത്തമ്പത്തിയൊന്നക്ഷരങ്ങളും
അയ്യാറുമഞ്ചുമഹായജ്ഞവും വിഭോ
പഞ്ചേന്ദ്രിയങ്ങളും പഞ്ചബാണങ്ങളും
പഞ്ചഭൂതങ്ങളും നിന്നിൽ മഹാപ്രഭോ
പഞ്ചാഗ്നിതന്നിൽതപം ചെയ്യുമമ്മയെ
സഞ്ചിതകർമ്മത്തിനാൽ വേട്ടമന്നവാ
അയ്യപ്പനും ശ്രീഗണേശനും ഷണ്മുഖൻ
വയ്യകമൊക്കെയും നിൻസർഗ്ഗമല്ലയോ
പഞ്ചാനനൻപാടി ശ്രീരാഗം,പഞ്ചണ-
പ്പഞ്ചാരയായിട്ടുരുകി മായോൻമനം
പഞ്ചഭുജത്താലെ ത്രൈലോക്യമോഹിനി-
പ്പഞ്ചാമൃതത്തെ നുകർന്നു ശ്രീശങ്കരൻ

പെണ്ണാനദിയിലെ വെണ്ണനല്ലൂർ
പൊന്നീജലത്തിലെ രങ്കപാദം
വിണ്ണിൻരഥത്തിലെ സൂര്യനേത്രം
കണ്ണനെൻ ചിത്തത്തിൽപുണ്യതീർത്ഥം
ചിത്തംബരത്തിലെ തില്ലൈയാട്ടം
മുഗ്ദ്ധമനസ്സിൻപ്രണയഭാവം
സ്നിഗ്ദ്ധനാദത്തിൻരതിതരംഗം
ചിത്തവടമാടമനുരാഗരാഗസിന്ധു
രാഗം...അനുരാഗം..
വൻതൊണ്ടതിരുവടിദീക്ഷയേൽക്കാൻ
അൻപായ്ത്തവംചെയ്യുമെൻശിരസ്സിൽ
വന്നേറി ആനന്ദഗംഗയായീ
പുന്നാഗവരാളിച്ചൂടുമീശൻ
ഈശൻ മഹേശ്വരൻ....

വേപ്പിൻകശപ്പും കരിമ്പിൻഇനിപ്പും
തുരുത്തിത്തേവരിന്നാണ്ണെപ്പം
അരവണിമെയ്യും നീറണിനെററി-
ക്കണ്ണും ചിത്തക്കണ്ണും തന്തായ്
തിരുതീക്കാടിൻ നിറമണിമെയ്യെൻ
നീലത്താമരപൂത്തമനസ്സിൻ
ചിറയിൽത്തെളിവൂ,ദേവാനീയെൻ
സുന്ദരസൌന്ദരനന്ദനമല്ലേ
സ്വർണ്ണസുഗന്ധച്ചെമ്പകമലരിൽ
പൂർണ്ണമനോരഥമെഴുതിയകയ്യാൽ
എൻകരമലരുഗ്രഹിക്കുംനാളെ-
ന്നെണ്ണിവലഞ്ഞു തപസ്വിനി നാഥാ..

ശൈവമെയ്യിരുഉരുവിൻകോലമേകം
സാമീപ്യപദമുക്തിയോ
തിരുസാരൂപ്യപദമുക്തിയോ
വാത്മീകനാഥൻശ്രീത്യാഗരാജത്തിരു-
വാരൂരിൽദേവാശിരിയത്തിലെ
സായൂജ്യപദമുക്തിയോ
വിറമിണ്ടകണ്ടില്ല,വൻതൊണ്ടനെന്മനം
തിരുദാസദാസനീഞാൻ
തിരുപാദമണിയുന്ന
കൊന്നയായെൻശിര-
സ്സരുളുന്ന ദാസദാസൻ
മധുതേടിമധുകങ്ങളലയുന്നപത്മമീ
തിരുവടിയിണകൾദേവാ
ശിവപാദയോഗിതൻകാപാലപത്മങ്ങൾ
മായോന്നുനാഭീസുമം
അതിലൂറിമാനന്ദമധുകണംഗംഗയായ്
അടിയന്റെതലയിൽവീഴ്ത്തു

ഗിരിജതൻ വിരിമാറുതഴുകുന്നകൈകളാ-
ലടിയനെച്ചേർത്തണയ്ക്കൂ
മായവൻവേലവൻഓങ്കാരമുഖനായ
ഗണനാഥർവാഴ്ത്തുവോനേ
തിരുനീലകണ്ഠന്റെ യാഴ്പ്പാണിലൂണരുന്ന
സുഖരാഗലോല ദേവാ

മാൻകിടാവോ,ദൈവത്തിരുമലരോ
സുരഭിലമാമൊരു തേൻകണമോ
വനനിലവോ,കടലലമകളോ
പവിഴപ്പുററിലെ മരതകമോ
പാതി തെളിഞ്ഞൊരു താരകയോ
മധുരം പകരും രാഗിണിയോ
കൌ[redacted]മാരരതീശ്വരകാമനയാൽ
പാതി വളഞ്ഞൊരു വില്ലുഴകോ
അമ്മാനെക്കളമാടുമ്പോൾ
ഊഞ്ഞാലാടിമറക്കുമ്പോൾ
ഗോപികയോ ,ശ്രീപാർവ്വതിയോ
ദേവിയിവൾശിവമോഹിനിയോ
കൽപ്പതരുവോ ,ലതയോ,നീല-
ത്താമര പൂത്ത സരോവരമോ
മലർശരനേകിയ കാമിനിയോ ,പര-
മേശ്വരനരുളിയ നവവധുവോ

നമശ്ശിവായ മന്ത്രപഞ്ചപുഷ്പമുഖരിതം
രാഗതാളഭാവസാന്ദ്രദേവമാശ്രിയം
ത്യാഗരാജജന്മസുകൃതാരാധനാലയം
ആദികവിവാത്മീകാത്മനാഥനാലയം
സഹസ്രസുഖസുധാതരംഗരാഗവാരിധീതടം
മഹാനുഭാവപരമഭാഗവതമഹാശ്രയം
പ്രേമഭക്തിസാന്ദ്രദാസഹൃദയചെമ്പകം
സോമസാമപഞ്ചഗവ്യപഞ്ചരത്നകം
പഞ്ചഭൂതശുദ്ധതീർത്ഥപഞ്ചനദസുതം
കൊഞ്ചിട്ടുംകാവേരി വൈദ്യനാഥതീർത്ഥദം
തിരുസമാധിതഴുകിയൊഴുകും രാഗിണീനദി
നാദലയസമാധിനൽകും അമൃതവാഹിനീ

കണ്ണിൽനീരേന്തി,രാഗവിവശരായ്
എന്നുമോതുക നാമപഞ്ചാക്ഷരം
നാന്മറൈമാർഗ്ഗസാരമാം ദേവന്റെ
മാൽമരുകന്നുമപ്പന്റെ സായകം
പ്രേമമാനസനാകിയമാനവ
നാവില്ലൂറും സുഗന്ധനവസുമ
ത്തേനുപോലെയിനിക്കുമീ സാമമാം
ഗാനസാഗരത്തോണി പഞ്ചാക്ഷരം
ലോകമാതാലലാടപ്പതക്കത്തി-
ലേകസ്വർണ്ണരത്നാഭമാം ശങ്കരം
രുദ്രനേത്രത്തിളക്കരുദ്രാക്ഷങ്ങൾ
ചാർത്തുമദ്വൈതനാമപഞ്ചാക്ഷരം
യാഴിൽനാവിൽമുരളിയില്ലൂറുന്ന
രാഗസാന്ദ്രമാം സാമഗാനങ്ങളിൽ
നാദശാരീരശങ്കരം ശൈലജ-
യ്ക്കാദിരാഗമാം ശ്രീരാഗമോഹനം

പിത്തനായ് പിറൈച്ചൂടി നട്ടുനാട്ടിലെ
തിരുതവത്തൊണ്ടർക്കൊരാനന്ദമായ്
വെണ്ണനല്ലൂരെഴും പുന്നാഗനേ
എൻനാവിലുണര്ത്ര ഇശൈജ്ഞാനമേ
തിരുമുനൈപ്പാടിയിൽനാവലൂരിൽ
തിരുനാവിനരശിന്റെ ഹൃദ്സരസ്സിൽ
ജ്ഞാനസംബന്ധന്റെ ചിത്തഭൃംഗ-
മോനകൈവല്യമായ് മാറണംഞാൻ
നരസിംഹമുനയരയപുത്രനായി
തിരുനീരണിഞ്ഞനിൻമെയ്പ്രസാദം
വിരുതാചലം പൂത്ത കൊന്നയായീ
ഗുരുമാരുതേശന്റെ വെണ്ണയായീ

ഗംഗാധരനുടെ തിരുവുരുവം
കാണാൻകണ്ണുകൊതിക്കുന്നു
ചെറുപിറച്ചൂടിയജട,നാഗം
സുരുചിരസുസ്മിതഹാസവുമായ്
തിരുമകനുണ്ണും ഭിക്ഷാന്നം
തിരുമകനേകും പാലമൃതം
അമ്മയുമപ്പനുമവനല്ലേ എൻ
ബ്രഹ്മപുരപ്രഭുവമൃതല്ലേ
കൊന്നമലർപ്പാദങ്ങളിലെ
സുന്ദരരാഗം പകരാനായ്
ഉമയവൾദിനവും നെഞ്ചേറും
സുമധുരയാമം വിരിയുന്നു
മുതുകാളപ്പുറമേറുന്നോൻ
ഇരുദേവികളിൽ പരിമാറി
ഹൃദയംകവരും പഞ്ചമുഖൻ
പുതുസാമക്കടലലയായീ

ദാസമാർഗ്ഗത്തിന്റെ സാലോക്യവും
സത്പുത്രമാർഗ്ഗത്തിൻസാമീപ്യവും
സഹമാർഗ്ഗസാരൂപ്യം അഷ്ടാംഗവും
ക്രമപാദമുക്തിമോഹിച്ചതില്ലാ
അടിയനോർത്തുമില്ലാ

സന്മാർഗ്ഗവീഥിയിൽവന്നുഞാനീ
വേദാർത്ഥവിസ്തൃതകലയരങ്ങിൽ
മലഹരേ,നാനഞ്ഞേയങ്ങൾ നാതാ-
വഖിലമൊന്നാകുന്നസായൂജ്യമേ
(ജ്ഞാനം,ജ്ഞേയം,ജ്ഞാതാവ്)

മെയ്ഞ്ഞാനി,മെയ്ഞ്ഞാനിതെന്നുചൊല്ലാ
മെയ് പൊയ് രഹസ്യമറികയാലേ
ഉയിർമെയ്യെഴുത്തായ് ജ്വലിക്കുമൻപേ, പാതി-
മെയ് ശിവശക്തി,പരാശക്തി ഞാൻ

അമ്മയപ്പനേ സമയാചാരമുറയാലേ
നിന്മെയ്യൻസുമഗന്ധമെന്നിലെത്തീ,ഒരു
വാസനച്ചെപ്പിന്റെ മൂടിതുറന്നു,
പാശങ്ങളെല്ലാം അഴിഞ്ഞിടുന്നു
ത്യാഗേശാ,വടിവുടൈമാണിക്യമീയെന്നെ
യോഗയോഗേശ്വരിയായണിയൂ
ശങ്കിലിയോട്ട പറവൈയരേയും
സുന്ദരനോട്ട പിണച്ചവനല്ലേ
കമലിനിയായിട്ടനിന്ദിതയായി
ഉമനിൻപ്രിയതമ തപസ്സിരിപ്പൂ
രാഗസ്വരൂപപാശാഢ്യയെൻചിത്തത്തിൽ
രാജഹംസം നീ പറന്നിരിക്കേ
ഒരുപാതിമെയ്യിന്റെ മധുകണം താമര-
ത്തളിരായിനൽകുന്നു ഊയലാടാൻ

മുത്താറിലെറിയുന്നു ആയിരം സ്വർണ്ണം
തിരുവാരൂരിൽമുങ്ങിയെടുക്കുന്നു
വൃദ്ധാചലത്തിലെസ്വത്തൊക്കെദേവന്റെ
അർദ്ധാംഗിനിക്കായിമാത്രമെന്നോ
സ്വർണ്ണാംഗസുന്ദരാ,മുതുകുന്നിലമരുന്ന
മുതൽദേവമുത്തിൽമുത്തായദേവാ
നടരാജ,ദാസരാഗാനുരാഗത്തിനാൽ
പടിപാടിക്കുന്നുനീയെന്നെയിന്നും
സൌഗന്ധസ്വർണ്ണത്തിൻമാറററിയുന്നതി-
നല്ലയോ നീയെന്റെ ജന്മമായി
സൌവർണ്ണസാമക്കുരലിലെശ്രീരാഗ-
മൊന്നുചൂടാനീ നടനമെന്നോ

ശിവപാദഹൃദയസഹസ്രാരം
ശിവപദനടനസമുദ്രം
അതിലുണരുന്ന തിരുജ്ഞാന-
ക്കനിയമുതിൻ മധുരം
ആതിരനാളിൽഭഗവതിയാർ
സാദരതവമായ് കാണുന്നു
വേദാന്തത്തിൻശിവമധുരം
രാഗസുധാരസതിരുമധുരം
ചെമ്പൈയിലൊരു തിരു അവതാരം
ശീർകാഴിയിലൊരു തിരു ശീർവരിശൈ
പുകളിയിൽ  പുകഴായ് തിരുനീറിൻ
ശിവജ്ഞാനപ്പൊരുളലയോശൈ

തിരുനെറിയതമിഴിന്റെ മാർഗ്ഗം
തിരുനാൽവർ കാട്ടിയ മാർഗ്ഗം
സത്പുത്രസന്മാർഗ്ഗശീർഷം,തിരു-
ശിവജ്ഞാനസംബന്ധതീർത്ഥം
ശേക്കൈ ആയിരും ഉടൈയാൻ
സാമവും ഓതുവരുടൈയാർ
നാർത്തമിഴ് തരുവതു ഉമൈയാൾ
ആതിരൈ ചെമ്പൈപ്പിള്ളൈയാർ
സർഗ്ഗ,ലയമുക്തി,ത്തിരോധാനസ്ഥിതിപഞ്ച-
കൃത്യകൾക്കും ആധാരം
പഞ്ചമുഖനേ എന്നും ആധാരം
പഞ്ചസായകപഞ്ചഭൂതപഞ്ചപാപനഞ്ചുനീങ്ങും
പഞ്ചപഞ്ചാക്ഷരീനാമം..
ഓം നമശ്ശിവായ

ഇടമെലിഞ്ഞു,വളയഴിഞ്ഞു
ജടയുലഞ്ഞില്ലേ
ഹൃദയമിന്നു നിനക്കുതന്നീ
വധു വലഞ്ഞില്ലേ

സത് ചിദംബരമഗ്നിശാലയിൽ നൃത്തകൈവല്യം
കനലൊളിത്തിരുനീരിലാടും പ്രണയലാസ്യമദം
സ്വർണ്ണഹംസദ്വയമുലാവും ബ്രഹ്മകമലത്തിൻ
ദലപുടത്തിൽ കമ്പനത്തിൻ ഗമകരതിഗതി

രാഗിണീ വൈരാഗിണീ നിൻ മേഘനാദമിതിൽ
ഒരുമഴയ്ക്കായ് കേഴുമൊരു പെൺകോകമായില്ലേ
മൂകരാഗമായില്ലേ

ശിവകാമിയെൻമണിമാണിക്യവാചക-
പ്പൂത്തളിർച്ചൂട്ടുന്ന തമ്പുരാനേ
നിത്യഹരിതമണവാളവേഷനായ്
മച്ചിത്തിലെന്നും വസിക്കുവോനേ
നാവലൂരെത്തി നീ ദാസിയാക്കീ
ദേവിയോടൊത്തുനീ കാഴ്ചനൽകീ
തവമാർഗ്ഗവരമേകി ദീക്ഷയേകി
തിരുവടിപാടുന്ന വധുവുമാക്കീ
തിരുനൃത്തശാലയിലൊപ്പമാക്കീ
ഹരിഗാനമാധുരീമധുരമൂട്ടി
സഹമാർഗ്ഗസന്മാർഗ്ഗചാരിണീ ഞാൻ
സഹധർമ്മിണിയെന്നു മുദ്രനൽകി

## 6. ഓണം കവിതകൾ

**ഓണം കവിതകള്. 2015 ഡോ.സുവര്ണ്ണ നാലപ്പാട്ട്**

### 1 ഉത്രാടം 28.8.2015

രാഗംകുറിഞ്ഞിപാട്ടു കുറവഞ്ചി നീ
നീലക്കുറിഞ്ഞിപൂക്കും മലയില്,
കുന്നില്ലുറവര്കൊരുത്തു വനമാല,
കൊന്നചൂടീ ശിവനൃത്തമാടീ
ശ്യാമഹരിതനീലാംബരംചിക്കെന്നു
വാരിയുടുത്തു ചിരിച്ചു ഭൂമി
നീലനിളാനദിനീളെയൊഴുകുന്നു
നീലവര്ണ്ണന്റെ പൂണൂലുപോലെ
ചോല,യിലവഞ്ചി,യോല,താലംപോലെ-
പ്പാലയിതളേഴുനീര്ത്തി, കാട്ടില്.
പാലുപോലേ നിലാവേലേലം പാടുന്ന
കായലിലോളത്തിരയിളക്കം
മാലകന്നു,തിരുമാലിന്റെ കാലിലീ
മൂവുലകം തല താഴ്ത്തി നില്പ്പൂ.

### 2.തിരുവോണം 29.8.2015

പാദംതൊടുന്നു ഗിരിശിഖരം
കാതിലോതുന്നുവേദം ശുകങ്ങള്
മാബലിതന്ബലി,മാധവാ,വാമന-
രൂപാ ,നിനക്കായി മാത്രമെന്നും.
നര്മ്മദാതീരമീ യജ്ഞമാഹിഷ്മതീ-
ധര്മ്മഭൂമി,ശിരസ്സീ,ഹൃദയം
എല്ലാം നിനക്കു,നിനക്കെന്നു ഞാനുമെന്-
വിന്ധ്യാവലിയൊത്തു നീരുവീഴ്ത്തി
ദര്ഭതന് കൂര്ത്തമുന കാമനേത്രത്തെ
കൂരിരുട്ടാക്കട്ടെ വാസുദേവാ
ത്യാഗസുരഭിലജീവനെന്നിന്ദേവ-
ഭൂമിക്കുകാവലായിട്ടു നിര്ത്തു.
ഇന്ദ്രപട്ടം,മുടി,ചെങ്കോലുമല്ല നിന്
സന്നിധിമാത്രം കൊതിച്ചിടുന്നു
മുന്നൂറ്ററുപത്തിനാലുദിനം നിന്റെ
സാമീപ്യമുക്തിസുതലവാസം
ഒറ്റദിനം വിരഹം,തിരുവോണത്തി-
ലുറ്റ നാടിന്റെയാതിഥ്യപൂജ.
കാലസ്വരൂപ,ഹരേ വരംനീതരൂ
കാലുപതിക്കുകീ തൃശ്ശിരസ്സില്

### 3.മനസ്സിലൊരുഗരുഡസേവ
അവിട്ടം29 8.2015

ശ്യാമവാനം ശ്രാവണം ശ്യേനസൌപര്ണ്ണ-
ഗാരുഡസേവക്കൊരുങ്ങിനില്പ്പൂ
നിന്റെ തിരുമല,നിന്റെ തിരുപ്പതി
നൂറ്റെട്ടുദിവ്യദേശപ്പടികള്.
പാഞ്ചാലദേശത്തുയരുന്നു ചിതി,ഹോമ-
പാവനധൂമം വഹിച്ചു പക്ഷം
നീളെച്ചിറകുവിടര്ത്തുന്നിതാ മേഘ-
മാലകളാഴിത്തിരകളൊപ്പം
മേളമുയര്ത്തി,വനമാലയായ് രത്ന-
മാലകളായ് താരമണ്ഡലങ്ങള്
ബ്രഹ്മതേജസ്സിന്റെ ഗായത്രിയുച്ചരി-
ച്ചാവണിപ്പൂണൂലു രക്ഷകെട്ടി
ദിവ്യധനിഷ്ഠമൃദംഗമടിക്കുന്നു
പുണ്യയാം പൌര്ണ്ണമിച്ചന്ദ്രദേവി
ഇന്നീ പവിത്രമുഹൂര്ത്തത്തിലെന്മനം
സൌന്ദരനന്ദലഹരിമഗ്നം
ഗോവിന്ദ,ഗോവിന്ദ,ശ്രീഹരീ, നിന്നാമ-
മാവഹിക്കുന്ന സുപര്ണ്ണതീര്ത്ഥം
നിമ്പാഹനം,കൊടിക്കൂറയമൃതമാ-
മെന്മനം കൃഷ്ണാ,നിനക്കുമാത്രം.

### 4.ചതയം 30.8.2015

നിളാനീരാജനം
നീലാനീരരുവി ശ്രീനിളാദേവി ഹരി-
ശ്രീദേവി ഭാരതിക്കു നീരാജനം

ആതിരാഞാറ്റുവേലപ്പൈങ്കിളി പാടി നിളാ-
ദേവിക്കു ഭാരതിക്കു നന്മംഗളം
തുമണല്പ്പട്ടുടുത്തു,പൂനിലാപ്പൊട്ടുതൊട്ടു
താരകത്താലി ചാര്ത്തി പൊന്മംഗലം

കേരളശ്രീവിഹാരം സാഹിതീരാഗസംഘം
വന്ദേരിനാട്ടുതൊട്ട പൊന് തിലകം
മൂവേന്തശേഖരനു പൊന്നാനിസോമതീര്ത്ഥം
വേദവേദാന്തവാണീ നീരാജനം നീരാജനം.

ഡോ.സുവര്ണ്ണ നാലപ്പാട്ട്
2015 ഓണക്കവിതകള്.

ഒരുമുറ നിന്നുടെ ദർശനം കിട്ടിയാൽ,
പലമുറകിട്ടുവാനാശ തോന്നും
തലമുറതലമുറയായി നിൻഭക്തരീ
മുറതെറ്റാതല്ലേ ഭജിച്ചിടുന്നു.
കുറിയിട്ടു തളയിട്ടു വൃന്ദാവനത്തിലെ
ഉറികളിൽവെണ്ണതേടീട്ടൊരുണ്ണി
അറിയാനോ പറയാനോ കഴിയില്ലാകണ്ണന്റെ
കരി മുകിൽവർണ്ണന്റെ രാസലീല
മണ്ണുണ്ട വിശ്വരൂപം കാളിയന്നുമേൽ
തണ്ണീരിൽനർത്തനദിവ്യരൂപം
ഗോവർദ്ധനോദ്ധാരണം ഗീതഭാഷണം
പാവനം ലീലാചരിതമെല്ലാം

എണ്ണാനരുതാത്ത രൂപഭാവങ്ങളിൽ
പൊന്നുണ്ണിയെന്നുള്ളിൽനീ കളിപ്പൂ.
ഏതേതുജന്മത്തിലൊക്കെഞാൻകണ്ടുനിൻ,
ഏഴഴകുള്ള സൌന്ദര്യസാരം
ആ മഹാലാവണ്യസത്തയെൻപ്രജ്ഞയിലാ-
നന്ദസിന്ധുതരംഗമാല
കാവ്യം കവനമായ് നിന്നോർമ്മയെൻചിത്തി-
ലേവം പ്രതിഭാപ്രകാശമായി
കണ്ണാ,മണിവർണ്ണ സ്വർണ്ണപ്പട്ടാടതൻ,
പൊൻനൂലുപോലൊരീയോർമ്മനൂലിൽ,
നീയാംമണിമുത്തുകോർത്തുകോർത്തിട്ടെന്റെ
ഓരോ നിമിഷവും ധന്യമായി

നീയെന്റെ നിർവൃതിയെൻപ്രേമഭൈരവി
നീയല്ലെ ഞാനുമെൻജീവിതവും
അർഘ്യം ജലത്തിലീ അഗ്നിനിന്നഗ്നിയിൽ,
നീതന്നജീവനും ഭാവനയും
നിന്നിലേക്കല്ലേ ലയിക്കു നിൻസ്വന്തമീ
ജ്യോതിസ്സു ചേരട്ടെ ,സൂര്യ, നിന്നിൽ.

## ഡോ.സുവർണ്ണ നാലപ്പാട്ട്  ട്രസ്റ്റ്.

ഗുരുഭക്തി

ഡോ സുവർണ്ണ നാലപ്പാട്ട്

അഗ്നിശൈലത്തിലരക്കുതൂൺ, തൂണിലോ രാജഹംസം,
തൂണുരുകുന്നുവോ , രാജഹംസം പറക്കുന്നുവോ
കാണാനില്ലഗ്നിശിഖരമൊന്നും.......
ആദിയില്ലന്തമില്ലാധാരമില്ലിങ്ങു ഞാനില്ല നീയില്ല ശൂന്യമില്ല
നാമരൂപങ്ങളും സംസാരമില്ലിങ്ങു നിർവ്വാണഹംസധ്വനിമാത്രമായ്
കല്ലിലെയഗ്നി, ജലചരായ, വിത്തിലെ നെല്ലുപോൽ, പുല്ലുപോലാലു പോലെ
കത്താതിളകാതെയാടാതെ നിൽക്കുന്നു ആത്മാവിലെൻഗുരുവിൻസ്വരൂപം.
ഉരുകുന്ന കർപ്പൂരമലിയുന്ന കടലുപ്പ് അരണിയിലഗ്നി ബ്രഹ്മത്തിൽമായ
നീപരമാത്മാ ഞാൻജീവനും നമ്മിലീയകലം ഇതെങ്ങനെ ഞാൻസഹിക്കും
എന്നെയറിയാതെ നീയുമില്ല നിന്നെയറിയാതെ ജ്ഞാനമില്ല
പ്രേമമില്ലാതൊരു  ജ്ഞാനമില്ലാ, ജ്ഞാനമില്ലാതൊരു വാഴ്വുമില്ലാ

കുയിലിനൊരു മാവുമായെന്തു ബന്ധം
കുന്നിലെ നെല്ലിക്ക് കടലുപ്പുമായ്
അവയൊന്നുചേർന്നപോലല്ലി നമ്മൾ
അറിയാതെ വിലയിച്ച ദിവ്യബന്ധം
അറിയുന്നു രൂപനാമങ്ങളില്ലാ , എങ്കിലും കാണണം നിന്റെ രൂപം
കേൾക്കണം ആ മൃദുപാദസ്വനം , കരളുരുക്കുന്ന സ്വരമധുരം
ദ്വന്ദ്വമില്ലാതായ മാത്രയിലും നിന്റെ രൂപസ്വരനാമമോർക്കുന്നു ഞാൻ
എന്നെവിട്ടെങ്ങുപോയീ പ്രകാശം എന്നെയുപേക്ഷിച്ചതെങ്ങനെ നീ
ആ സത്യസുന്ദരനാദമൊരായിരം വട്ടം ശ്രവിക്കണം കാതുകളാൽ
ജപലയം ദാസോഹമെന്ന മന്ത്രം ചൊല്ലി ആത്മനിവേദ്യമെൻരാജയോഗം
കുപ്പയിൽവീണ കല്ലിനെ നീയൊരു മാണിക്യമാക്കി
ചിപ്പിയിൽവീണ മഴത്തുള്ളിയാതിരാമുത്താക്കി മാറ്റി
ഓവുചാലിൽനിന്ന കുഞ്ഞുതുളസിയെ മാറിൽവനമാലയാക്കി
പ്രേമവും ത്യാഗവും ഭക്തിയും അദ്വൈതസാരമായ് ഉള്ളിലുണർത്തി

ആയിരം തന്ത്രികള്കെട്ടി നീയുണ്ടാക്കി അനുരാഗവീണയായെന്നെ
അതിലവസാനമായ് ഒരു ധ്വനി മീട്ടാതെ മിണ്ടാതെ പോയെന്നോ,  ദേവൻ.

**ആദ്യഭാഗം**

എരിയുന്ന സംസാരച്ചിത ഉപേക്ഷിച്ച് രാജഹംസരൂപമായ ഗുരുവിന്റെ ആത്മാവ് നിർവ്വാണത്തിന്റെ ശന്തിയിലേക്ക് , അകലത്തേക്ക് പറന്നുയരുന്നത് ശിഷ്യൻ ടെലിപ്പതിപോലെ ദർശിക്കുന്നു.

ഗുരു അദ്വൈതരൂപിയാണെങ്കിലും, തന്നിലിരിക്കുന്നുവെങ്കിലും ആ അകലം സഹിക്കാനാവുന്നില്ലെന്ന ദ്വൈതം ശിഷ്യനെ അലട്ടുന്നു.

**രണ്ടാംഭാഗം**

താനും ഗുരുവുമായുള്ള ദിവ്യമായ ആത്മബന്ധം അനലൈസ് ചെയ്യുന്നു. മാവിൽ യദൃഛയാ വന്നിരുന്ന കുയിലിന് മാവിനോടും, കുന്നിലെ നെല്ലിക്കക്ക് ഉപ്പിനോടും (ഉപ്പിലിട്ട നെല്ലിക്ക) തമ്മിലെന്താ ബന്ധം. ഒന്നുമില്ല. പക്ഷേ ബന്ധമുണ്ട് താനും. രൂപവും നാമവുമില്ല എന്നാണ് ഗുരു പഠിപ്പിച്ചത്. പക്ഷേ, ഗുരുവിന്റെ രൂപം കാണണം, ആ കാലൊച്ചയും സ്വരവും കേൾക്കണം. അദ്വൈതാവസ്ഥയിലും മനസ്സിനെ ദ്വൈതം കീഴടക്കുന്നു. ഗുരുപാദത്തിൽ ദാസോഹം എന്നു ചൊല്ലി ആത്മനിവേദനമാണ് തന്റെ രാജയോഗം എന്ന് ദ്വൈതഭാവത്തിൽ ശിഷ്യൻ കരുതുന്നു.

പിന്നെ, താനാരായിരുന്നു, തന്നെ ഗുരു എങ്ങനെ മാറ്റിയെടുത്തു എന്ന് ശിഷ്യൻ ഓർക്കുകയാണ്. (കുപ്പയിൽ എന്നു മുതലുള്ള ഭാഗം)

പ്രേമം, ത്യാഗം,ഭക്തി മുതലായ ഗുണങ്ങളെല്ലാം അദ്വൈതസാരമായി ഉള്ളിലുണർത്തിയ ഗുരു, എന്ന ദേവശില്പി താൻ രൂപകല്പന ചെയ്ത വീണയെ അവസാനമായി മീട്ടാതെ അതിൽ തന്റെ .അന്ത്യസന്ദേശം പകരാതെ പോയത് ഓർക്കുമ്പോളാണ് ശിഷ്യന്റെ മനസ്സിൽ വിങ്ങൽ.

അദ്വൈതത്തിന്റെ നിർവ്വാണസുഖവും ദ്വൈതത്തിന്റെ മൌനനൊമ്പരവും ഒപ്പം അനുഭവിക്കുന്നു.

പ്രേമം (ഭക്തി) ദ്വൈതമാണ്. രണ്ടില്ലാതെ പ്രേമമില്ല.

അതില്ലാതെ അദ്വൈതജ്ഞാനമില്ല. ജീവിതവുമില്ല എന്ന തിരിച്ചറിവ്.

പത്മസരസ്വതി

അമ്മേ പൊഴിയുന്നു,വേഗമായ് നിന്നശ്രു
ധാരാസരസ്വതീരാഗം
പത്മസഹസ്രാരമധുബിന്ദുവെന്നപോൽ
കൊഴിയുന്നു നിന്നശ്രുധാര

ഇത്രമധുരമീ സാരസ്വതത്തിനു-
മാവില്ലയമ്മേ കൊളുത്താൻ,
വീണ്ടുമൊരിക്കലണഞ്ഞൊരാ സൌവർണ്ണ-
ദീപത്തെയൊന്നു കൊളുത്താൻ.

ആകാശമാമമ്മ പോറ്റിയ ഗന്ധപ്രകാശങ്ങളെല്ലാമലിഞ്ഞു
ആ അമൃതാത്മന്റെ പൊന്നധരങ്ങളിലമ്മേ നമുക്കായിമാത്രം
ശ്വതഹസ്തേ, മൃതാത്മാവിന്നമൃതാത്മമേന്തിയനിന്നശ്രുധാര
ധാരാസഹസ്രം കൊഴിയും ദ്രുതതാളമീ ഭൂമി
കാതോർത്തിട്ടുന്നു

ആകാശനന്ദാവിളക്ക്

തെക്കിനിത്തിരുമച്ചിരുട്ടിൽത്തെളിയുന്നു
മക്കൾക്കുകണ്ണായൊരമ്മദീപം
പിഞ്ചുകാലിടറാതെ വീഴാതെ നേർവഴി-
ക്കഞ്ചിന്ദ്രിയങ്ങൾക്കും മാർഗ്ഗദീപം

ശ്രീലകത്തെരിയുന്നു നന്ദാവിളക്കുകൾ
നിത്യം കെടാതെ ജ്വലിച്ചിട്ടുന്നു
വീടിനും നാടിനും ഭൂവിനും വാനിനും
ശ്രീയായ് തെളിയുന്നു താരദീപം

ആകാശദീപത്തെ നന്ദാവിളക്കിനെ -
ത്തെക്കിനിമച്ചിലെ കൈത്തിരിയെ
ഉള്ളിലാവാഹിക്ക,ഒന്നു നമിക്കുക,
ഉള്ളിൽ സ്വയംജ്യോതിയായെരിയും

അല്ല, തെരുവിളക്കല്ലതു, മാദ്ധ്യമ-
ച്ചില്ലുകൂട്ടിൽക്കല്ലെറിഞ്ഞുവീഴ്ത്താൻ.

ഞാറ്റുവേലക്കിളിയുടെ അക്ഷരനിവേദ്യം

ഞാറ്റുവേലക്കിളിപ്പെണ്ണിനെത്തോളേറ്റി
മുളയരിച്ചാമരം വീശി
എന്മുന്നിൽവന്നോരെന്നമ്മേ നിനക്കെന്റെ
വാക്കിന്റെ പാദസ്സരങ്ങൾ.

ഞാറ്റുവേലക്കിളിപ്പാട്ടെന്റെ ചുണ്ടത്തു-
മുറ്റിയ വാഗർത്ഥരൂപേ
നീതന്നൊരക്ഷരലക്ഷനിവേദ്യമ-
ല്ലാതെന്തുണ്ടെൻകയ്യിൽ നൽകാൻ.

തന്നതെല്ലാം തിരിച്ചേകുമീ ജീവന്റെ
അന്ത്യാഞ്ജലിയിതു ദേവീ
വന്നമൃതം പോലിതു കുടിച്ചീട്ടുക
നിന്നമൃതം താനിതമ്മേ

മരിക്കയില്ല ഞാൻ,ത്രിശങ്കു,മെയ്യിതു
ചിതയിലഗ്നിയിലെരിഞ്ഞശേഷവും
ഭവനമല്ലയോ നശിച്ചു,ഉള്ളിലെ-
ക്കിളി തൻക്കൂടുവിട്ടൊഴിഞ്ഞതല്ലയോ
മരിക്കയില്ലഞാൻ,വിശാലമാകാശ-
മണിയറ പൂകും ,ത്രിശങ്കു പാടുന്നു.
വിശന്നഭൂമിതൻപെരുംഗർഭപാത്രം
ഒഴിച്ചുഞാനേറും ഉയർന്ന മണ്ഡലം
അടുക്കും മൃത്യുതൻകഠിനമാശ്ലേഷം
ഒഴിച്ചു,ആത്മാവന്നുയർന്നുപൊങ്ങിടും
വൊറുങ്ങലിച്ചൊരു ഇരവിന്നാഴത്തിൽ
തുറുങ്കിലായിടാം അരുണവിഗ്രഹം
ഒരായിരം താരത്തൊഴിലാളീവൃന്ദം
സ്വതന്ത്രരായ് വിമോചനഗീതം പാടാം
മരിക്കുന്നുമില്ലാ,ജനിച്ചിട്ടുമില്ലാ
സദാ ജീവിക്കുന്നു,ത്രിശങ്കു പാടുന്നു
മഹാസർഗ്ഗക്കാലം,ഒരാദ്യബീജമീ
പെരുമ്പടപ്പിൽപ്പാകിടുന്നതിനുമ്പേ
പടുവൃദ്ധനായിക്കഴിഞ്ഞിരുന്നുഞാൻ
ത്രിശങ്കു പാടുന്നു വിജയഗീതകം

വരാനിരിക്കുന്നു,ഒരായിരം താരം
തണുത്തുറഞ്ഞുചത്തിടുന്ന നേരവും
തുടരുമെന്നുടെ ചരിത്രം,ജീവിതം
ത്രിശങ്കുപാടുന്നു വിജയഗീതകം

ഞാനാണു താരങ്ങളിലെ പ്രകാശം
ഞാനാണുആദിനൃസിംഹശക്തി
ഞാനേ പ്രഭാതങ്ങടെ ഹർഷഗീതം
പുംസ്ത്രീകുമാരീകുമാരസർഗ്ഗം

അനന്തരൂപം അനശ്വരം ഞാൻ
അനന്തനീലത്തിലൊരേകതാരം
അനാദിയാം മൂലമഹാതരു,ഞാൻ
വിമൂകമായിപ്പൊഴിയും തുഷാരം

അമേയമാം സിന്ധു,പ്രമാണമില്ലാ-
പ്രമാണമായ്,സംഖ്യമസംഖ്യമായി
സർവ്വപ്രപഞ്ചത്തിനുമേകബോധം
ത്രിശങ്കു പാടുന്നു,ഒരാത്മഗീതം

മൃത്യുവിന്റെ ത്രിസന്ധ്യ

സുവർണ്ണ നാലപ്പാട്ട്

ഒരുസ്വർണ്ണസായാഹ്നം,ചിന്തകൻ സൂര്യൻ,തൻ
മുടിയേററഴിച്ച സുഖനിമിഷം
വേഷങ്ങൾ,ഭൂഷകളെല്ലാമഴിച്ചവൻ
വിശ്രമിക്കുന്ന ലയനിമിഷം
അവ്യക്തമെന്തോ മന്ത്രിച്ചു മറഞ്ഞുനി-
ൽക്കുന്നു,മഹാവൃക്ഷമാമുനിമാർ
ആമന്ത്രണം ചെവിയോർക്കുന്നു,പച്ചച്ച
തോഴിമാ,രമ്മ വസുന്ധരയും.
നീലവിശാലമായ് മൂകമായ് മാർത്തട്ടു-
ലച്ചുകിടക്കും മഹാസമുദ്രം
ഈ സ്വർണ്ണഹോര,ദൈവീകമാം ഹോര,ത്രി-
സന്ധ്യ തൻ ഗായത്രഹോര,നോക്കു.
ഈശ്വരനോടടുക്കുന്നവേള,വേഷ-
മെല്ലാമഴിച്ചമരണവേള
ദീർഘപഥങ്ങളൊക്കെത്താണ്ടി സൂര്യനും
മർത്ത്യനും വിശ്രമിക്കുന്നവേള
ഈ ത്രിസന്ധ്യാസാരസ്വതമന്ദ്രസംഗീതം
കാത്തിരിക്കുന്നോരോ ജീവനേയും
അമ്മപോൽ,ദേവിപോൽ,ശാന്തമായ്,പൂർണ്ണമായ്
പുണ്യമായ്,വാത്സല്യമായി,സത്യം

# മൃത്യുവും ജീവിതവും

ജീവിതത്തിന്റെ വിപരീതമോ മൃത്യു
മൃത്യുവിൻവൈരുദ്ധ്യഭാവമോ ജീവിതം
ഈ രണ്ടു ദിവ്യപ്രഹേളികയല്ലയോ
കൽപ്പാദികാലമായ് തേടുന്നു മാനവൻ
ഏറെയായ് നാളുകൾ,താളുകൾ പൂട്ടിയീ
ഗ്രന്ഥം തുറക്കാതെ വെച്ചിട്ടു സംസ്കൃതി
സ്വപ്നങ്ങൾപോലും തൊടാത്ത സത്യങ്ങളെ
എപ്പടിയോരുമീയൽപ്പബുദ്ധിക്കകം

ജീവിതത്തിന്റെ പ്രച്ഛന്നവേഷം മൃത്യു
ചേതനേ,വെവ്വേറെയല്ലെന്നറിയുക
ജീവിതത്താൽ നമ്മൾ വിസ്മിതരാകുന്ന
നാൾവരെയുള്ളൊരു മൃത്യു താൻ ജീവിതം

പ്രകൃതിയുടെ മോഹിനിയാട്ടം
താരകാമൂക്കുത്തി ചാർത്തി,യനന്തമാ-
മാകാശഗോളങ്ങൾ പന്തടിച്ചു
അമൃതമാമാനന്ദകലശവും കയ്യേന്തി-
യമ്മയെത്തുന്നു,പ്രകൃതിയമ്മ.
ഒരുതിരുവാതിരമുറ്റത്തു നർത്തനം
ശിവമോഹിനിയാടുന്നു ലാസ്യനൃത്തം
തിരുതാണ്ഡവലഹരിയിറങ്ങുന്ന ശിവഹൃത്തിൽ
മധുരം ചൊരിഞ്ഞൊരു മോഹിനിയാട്ടം

ഭരതന്റെ ഭാരതം തുടികൊട്ടിപ്പറകൊട്ടി
ചേങ്ങിലമദ്ദളത്തകില്നു തട്ടി
അണിനൂപുരകടകങ്ങൾതിരുചഞ്ചലപാദങ്ങൾ
മണിമച്ചിലാകെയും താളമേളം
മുളകൾതുളച്ചൊരു ചെറുകാറ്റുപാടുന്ന
മൃദുമുരളീരവകമ്പനങ്ങൾ
ചെറുവെള്ളാരംകല്ലിലൊരു മിഴാവും കൊട്ടി-
യരുവികൾ പാടുന്ന മേളരാഗം

ഇന്ദീവരേക്ഷണയിന്ദിരയാടിയ
ഇന്ദ്രോത്സവചന്ദ്രോത്സവജീവരാഗം
പുണ്യവസന്തോത്സവക്കുത്തരങ്ങിതിൽ ജൈവരാശീദേവദാസിനൃത്തം
എല്ലാരുമാടുന്നുപാടുന്നു വേദിയിൽ അഭിനയിക്കുന്നു തനതുവേഷം
വേഷമഴിച്ചുമടങ്ങുന്നു,കാലാഗ്നിരൂപമായ് ശൈവം ചിരിച്ചിടുന്നു.

## യോഗനിദ്ര



എത്രനാളായെന്റെ കണ്ണാ
ഈ നിത്യതപസ്വിനി രാധ
നിൻപദം പാടിതളർന്നു
ഇനിയൊന്നുണരൂ മേഘവർണ്ണാ

ദ്വാരകാവാടമടച്ചും തിരുപാലാഴിതന്നിൽ ശയിച്ചും
പാരാകെ നിന്നിൽ ഭ്രമിച്ചും ഒന്നുമോരാത്തൊരീ നിദ്രയെന്തേ
ഓരോ കിനാവിന്റെ തീരം പൂത്ത  നീലക്കടമ്പുകൾ തീർക്കെ
രാസോത്സവങ്ങളിൽ  നിന്റെ   മന്ദഹാസത്തിലെന്നെ മയക്കി
എന്തിനീ കള്ളമയക്കം ഇനിയെന്തിനീ കള്ളനാട്യങ്ങൾ
നാടാകെ പാടുന്നു കണ്ണൻ ഗോപവാടവധൂകാതൽമന്നൻ.

ഡോ.സുവർണ്ണ നാലപ്പാട്ട്

## വൃക്ഷം

നദിയുടെ സുന്ദരപുളിനം മണൽത്തിട്ടി-
ലൊരു പുണ്യമാമരം ഏകം
ഉന്നതശാഖികളഞ്ചുവിരൽപോലെ
നീലവാനിൻനെഞ്ചിലാഴ്ത്തി
ആയിരംവേരിനാൽഭ്രമിതന്നുപ്പനീർ
വാരിക്കുടിക്കുന്നു വൃക്ഷം
ഭ്രമിയാൽബന്ധിതം,ശ്യാമവാനിനാൽ മോഹിതം
ഈ നിളാതീരത്തെ വൃക്ഷം
ഈ മുശ്ധമാനവാത്മാവിന്റെ ദേഹമീ
ഭ്രമിക്കുവേണ്ടി വിശന്നു
ഈശുദ്ധമാനവാത്മാവിന്റെ മസ്തിഷ്കം
സ്വർഗ്ഗയാനത്തിനൊരുങ്ങി
ഈ ശുദ്ധമാനവാത്മാവിൻ വിശുദ്ധിയിൽ
ബ്രഹ്മം പ്രണയാർദ്രമായി
മുക്തമാജീവനെത്തൻനീലവക്ഷസ്സി-
ലെന്നുമേ ചേർത്തുപിടിച്ചു.

## കൃഷ്ണന്റെ പ്രേമം

കാമിപ്പതില്ല നിൻ വർണ്ണത്തുടിപ്പാർന്ന
ദേഹമോ ഗന്ധമോ ദേവീ
പ്രകൃതിപ്രകാശങ്ങളരുളുന്ന ദ്രവ്യത്തിൽ
പുരുകാമമില്ലെനിക്കെന്നും
നിൻകന്യകാത്വം മധുരസംഭാഷണം
ദ്രുതമൊഴുകും കൃപാപൂരം
സത്യവാക്കൊന്നുമേ മോഹിപ്പതില്ലഞാൻ
നിന്നെ ഞാൻ സ്നേഹിപ്പു, രാധേ.
ജന്മാന്തരങ്ങളായ് കാലം തിരഞ്ഞെത്തി-
യെന്നെനിൻ തീരമണച്ചു
ആദിയനാദിയെസ്സന്ധിക്കുമീസന്ധ്യ
സ്വാദിഷ്ടമാക്കിയെൻ പ്രേമം
ഈ ദ്രുതപ്രേമപ്രവാഹവേഗം
അനന്തമീ ആനന്ദഗംഗ
ഇതുനിൻശിരസ്സിൽഹൃദയത്തിൽ നാഭിയിൽ
അലിയട്ടെയണയട്ടെ രാധേ

ഹരീം  കലഹംസവാഗീശ്വരീം

രീം കാരനാദേശ്വരീം

കമലാസനസ്ഥാക്ഷരീം

സകലാക്ഷരോല്ലാസിനീം

ഹ്രീംബീജഭുവനേശ്വരീം

ഹസകലഹ്രീം ശക്തികൂടേശ്വരീം

മൃദുമധുഹാസത്രിപുരേശ്വരീം ഹൃദി

ഹരിചന്ദനാസക്തിനീം

ലാവണ്യപൂരാരുണാകർഷിണീം

രാകാശശീച്ചൂഡമുകുടേശ്വരീം

സൌമ്യാം ത്രിനേത്രാഗ്നിസംഹർത്തിനീം

സൌഭാഗ്യധാരാധരാവർഷിണീം

ഫുല്ലാരവിന്ദാസനസ്ഥാം രമാം

വർണ്ണാക്ഷരീമാലരൂപാം ക്ഷമാം

സൌവർണ്ണസൌന്ദര്യധാരാം ശിവാം

പൂർണ്ണാം ഹരീം ഹംസവർണ്ണേശ്വരീം

ഹരീം കളഹംസവാഗീശ്വരീം



# ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്

**ക ഏ ഈ ല ഹ്രീം.( വാഗ്ഭവകൂടം)**

**കാ**മിനീ  കല്യാണി  കാമേശ്വരീ

കാമാക്ഷി  കാദംബവനവാസിനീ

**ഏ**കാക്ഷരീ  ഏലസൌഗന്ധികാ

ഏകാഗ്രചിത്തേകഭോഗപ്രദാ

**ഈ**ശ്വരാർദ്ധാംഗിനീ  ഈശശക്തീ

ഈകാരരൂപീശനൃത്തസാക്ഷീ

**ല**ളിതാ  ലക്ഷ്മീ  ലലനാ

ലലാടചന്ദ്രശേഖരീ

**ഹ്രീം**കാരി  ഹ്രീവിഭൂഷിണി

ഹ്രീമതീ  ഹ്രീംശരീരിണീ                21  നാമം

**ഹസകഹലഹ്രീം (കാമരാജകൂടം)**

ഹരിപ്രിയാ  ഹരിണാക്ഷീ

ഹാകിനീ   ഹംസവാഹിനീ

സർവ്വജ്ഞാ  സാന്ദ്രകരുണാ

സർവ്വമംഗലസുന്ദരീ

കസ്തൂരിതിലകാ  കാന്താ

കലാനിധി  കഠിനസ്തനാ

ഹാസിനീ   ഹാരിണീ  ഹാദി

ഹല്ലീസലാസ്യമോദിനീ

ലയസർഗ്ഗസ്ഥിതിരൂപാ  ലാസ്യലാവണ്യശാലിനി

ലാക്ഷാരസാഭാ  ലൌഹിത്യാ  ലോപാമുദ്രാദിവന്ദിതാ

ഹ്രീങ്കാരപഞ്ജരശുകീ  ഹ്രീങ്കാരശശിചന്ദ്രികാ

ഹ്രീങ്കാരതരുമന്ദാരീ  ഹ്രീങ്കാരാഗ്നിശിഖരിണീ                24  നാമം

**സകലഹ്രീം (ശക്തികൂടം)**

സർവ്വവേദാന്താഗമജ്ഞാ  സച്ചിദാനന്ദരൂപിണീ

സത്യവാണീ  സത്യരൂപാ  സർവ്വലോകവിധായിനീ

കാവ്യലോലാ  കാമേശ്വരീ  കാമകൂടനിലയേശ്വരീ

കാമേശ്വരപ്രണയിനീ  കവിഹൃത്പങ്കജസ്ഥിതാ

ലബ്ധാതിശയസൌന്ദര്യാ  ലബ്ധസർവ്വാംഗസുന്ദരീ

ലബ്ധരാഗാ  ലബ്ധസുഖാ  ലബ്ധഹർഷാ  ലകാരിണീ

ഹ്രീങ്കാരസുധാസിന്ധു  ഹ്രീങ്കാരകമലസ്ഥിതാ

ഹ്രീങ്കാരമണിസൌവർണ്ണാ  ഹ്രീങ്കാരാദർശബിംബിതാ                21  നാമം

30 വരി ആകെ 66 നാമം ത്രികൂടത്തിലെ 15 (പഞ്ചദശാക്ഷരി) കൊണ്ട് ആരംഭിക്കുന്ന വരികളാൽ ശ്രീവിദ്യാവർണ്ണമാലിക.

സുവർണ്ണ നാലപ്പാട്ട്.

| | |
|---|---|
| Filename: | തെരഞ്ഞെടുത്ത ഗീതങ്ങൾ docx.docx |
| Directory: | C:\Users\user\Documents |
| Template: | C:\Users\user\AppData\Roaming\Microsoft\Templates\Normal.dotm |
| Title: | |
| Subject: | |
| Author: | user |
| Keywords: | |
| Comments: | |
| Creation Date: | 5/17/2020 6:28:00 PM |
| Change Number: | 3 |
| Last Saved On: | 5/18/2020 7:47:00 AM |
| Last Saved By: | user |
| Total Editing Time: | 44 Minutes |
| Last Printed On: | 5/18/2020 7:47:00 AM |
| As of Last Complete Printing | |
| Number of Pages: | 44 |
| Number of Words: | 226 (approx.) |
| Number of Characters: | 1,291 (approx.) |